KERALA INSTITUTE OF
LABOUR AND EMPLOYMENT (KILE)



# മികവ്

'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം

2021

# 'മികവ്'

## തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം

2021

KERALA INSTITUTE OF
LABOUR AND EMPLOYMENT (KILE)

# Mikavu
**2021**

Published By

Kerala Institute of
Labour and Employment (KILE)

Chief Editor
KN Gopinath
Chairman, KILE

Editor
Sunil Thomas
Executive Director, KILE

Managing Editor
Kiran JN

Editor in Charge
Vijay WIlls

Sub Editor
Surya Heman

Design and Layout:
Ansar Mangalathop

Printed at
Orange Printers
Pulimood, Thiruvananthapuram

All Rights Reserved by

KERALA INSTITUTE OF
LABOUR AND EMPLOYMENT (KILE)

KERALA INSTITUTE OF LABOUR & EMPLOYMENT
KILE
BUILDING PEOPLE
Since 1978





# ഉള്ളടക്കം

ആമുഖം 6

സന്ദേശം 8

പുരസ്കാര ജേതാക്കൾ 12

അശ്വതി എന്ന മാലാഖ 13

സുവർണ്ണ നേട്ടവുമായി അനൂപ് 15

പാളാതെ 18 വർഷം ജോർജ്ജേട്ടൻസ് ടിപ്പർ 17

കയർപിരിച്ച് ജീവിതം നെയ്ത ഗ്രേസി 19

സ്വപ്നങ്ങൾ തുന്നുന്ന കുഞ്ഞഹമ്മദ് 21

ചെറുപുഞ്ചിരിയോടെ ലിജി 23

ഞാൻ ചെത്തു തൊഴിലാളിയാണ് – മുരളീധരൻ 25

ജീവിതഭാരം ചുമലിലേറ്റിയ നസറുദ്ദീൻ 27

പൊൻ പ്രതീക്ഷയേകിയ പുരസ്കാരം: രാജേഷ് 29

കറപുരളാത്ത ജീവിതം പറഞ്ഞ് സരസ്വതിയമ്മ 31

ഉയരങ്ങളിൽ ജീവനം തേടുന്ന ശശി 33

കണ്ണിമയ്ക്കാതെ കാവലാളായി സജീവൻ 35

വിശ്വസ്തതയുടെ കൈപിടിച്ച് ഷൈനി റേച്ചൽ 37

ഒന്നുമില്ലായ്മയിൽ നിന്ന് ജീവിതം കെട്ടിപ്പടുത്ത ഉണ്ണിക്കൃഷ്ണൻ 39

ദുരന്തങ്ങളിൽ വാടാതെ കെ.ആർ. വസന്ത 41

# ആമുഖം



സൂര്യ ഹേമൻ
സബ് എഡിറ്റർ

മാന്യമായ, സഹജീവിക്ക് ദ്രോഹം ചെയ്യാത്ത, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും മികച്ച ജീവിതം ലക്ഷ്യമിട്ടുള്ള ഏത് പ്രവൃത്തിക്കും തൊഴിൽ എന്നു പറയാം. അത്തരത്തിലുള്ള ഏത് തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. ചുമട്ടുകാരനും വെള്ളക്കോളർ ഉദ്യോഗക്കാരനും അവരവരുടേതായ തൊഴിൽ മേഖലകളിൽ മാന്യതയും അംഗീകാരവും ലഭിക്കുന്നു; അതങ്ങനെ തന്നെയാകുകയും വേണം. അധ്വാനത്തിന്റെ മഹത്വം എന്നും അംഗീകരിച്ച സംസ്ഥാനമാണ് കേരളം. തൊഴിലാളികളുടെയും കുടുംബത്തിന്റെയും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനും തൊഴിൽ, തൊഴിലാളി സൗഹൃദ വ്യാവസായിക അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി അധ്വാനിക്കുന്ന ജനവിഭാഗത്തിനൊപ്പം എന്നും നിലകൊണ്ട ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തങ്ങളുടെ മേഖലകളിലെ പ്രവർത്തനമികവും സേവന സന്നദ്ധതയും സാമൂഹിക പ്രതിബദ്ധതയും അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത മികച്ച 15 തൊഴിലാളികൾക്ക് 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം നൽകിയിരുന്നു. 2021 ഫെബ്രുവരി മാസത്തിലാണ് പ്രസ്തുത അവാർഡ് വിതരണം ചെയ്തത്.

പതിനഞ്ച് വിഭിന്ന തൊഴിൽ മേഖലകളിൽ നിന്നും സ്ത്രീ പുരുഷ ഭേദമന്യേ മികച്ച തൊഴിലാളികളെ കണ്ടെത്തിയാണ് 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം നൽകിയത്. മലയോര പ്രദേശങ്ങളിലും, സംസ്ഥാനത്തിന്റെ മറ്റ് ഉൾപ്രദേശങ്ങളിലും താമസിച്ചു വരുന്ന പാർശ്വവത്കൃത തൊഴിലാളികൾക്കും തൊഴിലാളി സമൂഹത്തിനും പുതുവെളിച്ചമേകുന്നതാണ് ഈ അവാർഡ്. ഇത്തരം അവാർഡുകളിലൂടെ സർക്കാർ തൊഴിലാളി സമൂഹത്തെ ഉന്നത തലങ്ങളിലേക്ക് കൈപിടിച്ചുയർത്തുകയാണ് ചെയ്യുന്നത്. ഇത്തരം അംഗീകാരങ്ങൾ വരും തലമുറയ്ക്കും പ്രചോദനവും ആത്മവിശ്വാസവും പ്രദാനം ചെയ്യുന്നു. ഒപ്പം തൊഴിനോടുള്ള മനോഭാവം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ് ജേതാക്കൾക്ക് ഉപഹാരമായി നൽകിയത്. എല്ലാ വിഭാഗം തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണവും പിന്തുണയുമാണ് ഇത്തരമൊരു ചരിത്രപരമായ മുഹൂർത്തത്തിന് വഴിയൊരുക്കിയത്. ഇത്തരം അവാർഡുകളിലൂടെ തൊഴിലാളി സമൂഹത്തിന്റെ ഉന്നമനവും ക്ഷേമവുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുക്കാനും നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പു വരുത്താനും സർക്കാരിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാർക്കും ശരിയായ പരിശ്രമത്തിലൂടെ അംഗീകാരങ്ങൾ പ്രാപ്യമാണെന്ന വലിയ സന്ദേശവും സർക്കാർ 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരത്തിലൂടെ ജനങ്ങളിലേക്കെത്തിക്കുന്നു.

അതോടൊപ്പം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് പുരസ്കാരിതരായ തൊഴിലാളികളുടെയെല്ലാം യാഥാർത്ഥ ജീവിതചിത്രം കോറിയിടുന്ന പുസ്തകവും തയ്യാറാക്കിയിരിക്കുന്നു. അവാർഡിന് അർഹയായ 15 വ്യക്തികളുടെയും ജീവിതവഴി മനസ്സിലാക്കി, മറ്റ് വ്യക്തികൾക്കും തൊഴിലാളി സമൂഹത്തിനും ഒരുപോലെ പ്രോത്സാഹനമാകുന്ന തരത്തിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ ജനിച്ചു വളർന്നവരാണ് ഇവരിൽ ഓരോരുത്തരും. ഓരോ വ്യക്തിയും ഏർപ്പെട്ടിരിക്കുന്ന തൊഴിൽ, അതെന്താണെങ്കിലും ആത്മാർത്ഥതയോടെയും, ചാരിതാർത്ഥ്യത്തോടെയും ചെയ്താൽ അംഗീകാരങ്ങൾ സ്വയം തേടി വരുമെന്ന് ഇവർ തെളിയിച്ചു കഴിഞ്ഞു. ഈ പുസ്തകത്തിലെ ഓരോ ഏടും നാട്യങ്ങളില്ലാത്ത ജീവിതത്തിന്റെ അകക്കാഴ്ചകളാണ്. ഓരോ തൊഴിലാളിയെയും ഈ പുസ്തകം യാഥാർത്ഥ്യമാക്കുന്നതിനായി സഹകരിച്ച ഓരോരുത്തരെയും തികഞ്ഞ നന്ദിയോടെ സ്മരിച്ചുകൊള്ളുന്നു...



# സന്ദേശം



ശ്രീ. വി ശിവൻകുട്ടി

പൊതുവിദ്യാഭ്യാസം,
തൊഴിൽ വകുപ്പ് മന്ത്രി

**V. SIVANKUTTY**
MINISTER FOR
GENERAL EDUCATION & LABOUR
GOVERNMENT OF KERALA

Thiruvananthapuram

Date. 18-10-2021

## സന്ദേശം

തൊഴിലുമായി ബന്ധപ്പെട്ട പരിശീലനം, ഗവേഷണം, പ്രസാധനം എന്നീ മേഖലകളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് വളരെ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. തൊഴിൽ വകുപ്പ് 2020 - 21 കാലയളവിൽ വിവിധ തൊഴിൽ മേഖലകളിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന തൊഴിലാളികൾക്ക് 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം നൽകാൻ തീരുമാനിക്കുകയും അത് പ്രകാരം 15 പേർക്ക് അവാർഡ് നൽകി ആദരിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ഒരു സ്പെഷ്യൽ എഡിഷൻ ' മികവ് 2021 ' കിലെ തയ്യാറാക്കി എന്നറിഞ്ഞതിൽ സന്തോഷം. എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ

വി ശിവൻകുട്ടി

Office : Room No. 201, 2nd Floor, Annexe-2
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2517048 Mobile : 9400009100
E-mail : min.edu@kerala.gov.in, min.lbr@kerala.gov.in

# സന്ദേശം



ശ്രീ. ടി പി രാമകൃഷ്ണൻ എം.എൽ.എ
മുൻ തൊഴിൽ വകുപ്പ് മന്ത്രി

ടി. പി. രാമകൃഷ്ണൻ
(പേരാമ്പ്ര)
മെമ്പർ
കേരള നിയമസഭ
'കൊട്ടാരക്കൽ വീട്'
വെളിയൂർ
നൊച്ചാട് പി. ഒ.
നടുവണ്ണൂർ (വഴി)
കോഴിക്കോട്-673 614

ഫോൺ :
ഓഫീസ് : 0471-2512335
വസതി : 0496-2617300
മൊബൈൽ : 9446485543
ചന്ദ്രഗിരി ബ്ലോക്ക്-601,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം.
ഇ-മെയിൽ : tpramakrishnan@niyamasabha.nic.in

'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരത്തിന് അർഹരായ പതിനഞ്ച് തൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി കിലെ പ്രസിദ്ധീകരിക്കുന്ന 'മികവ് 2021'ന് ആശംസകൾ നേരുന്നു.

പ്രവർത്തനമികവും സേവനസന്നദ്ധതയും സാമൂഹിക പ്രതിബദ്ധതയും അടിസ്ഥാനമാക്കി 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം നൽകാനുള്ള തീരുമാനം ഒന്നാം പിണറായി സർക്കാരിന്റെ തൊഴിലാളിക്ഷേമ നടപടികളിലെ ഏറ്റവും അഭിമാനകരമായ അധ്യായങ്ങളിലൊന്നാണ്. രാജ്യത്താദ്യമായാണ് തൊഴിലാളികൾക്കായി ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ പുരസ്കാരം ഏർപ്പെടുത്തിയത്. തൊഴിലാളികളുടെ സാമൂഹികപ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതിനൊപ്പം അവർക്ക് സാമൂഹികമായ അംഗീകാരം ഉറപ്പുവരുത്തുന്നതിനും ഈ തീരുമാനം വഴിയൊരുക്കി.


തൊഴിലാളികളുടെയും കുടുംബത്തിന്റെയും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനും തൊഴിൽസൗഹൃദ കേരളം കെട്ടിപ്പടുക്കുന്നതിനും കഴിഞ്ഞ എൽഡിഎഫ് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ രാജ്യത്തിനാകെ മാതൃകയാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇരിപ്പിടം അവകാശം, രാജ്യത്താദ്യമായി അൺ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രസവാവധി നിയമം, അതിഥി തൊഴിലാളികൾക്കായി 'ആവാസ്' സൗജന്യ ഇൻഷൂറൻസ് പദ്ധതി, ഐടി മേഖലയിലും ക്ഷേമനിധി തുടങ്ങി തൊഴിലാളിക്ഷേമ ചരിത്രത്തിലെ നാഴികക്കല്ലുകളായ ഒട്ടേറെ തീരുമാനങ്ങൾ എടുത്തുപറയാനുണ്ട്. തുടർച്ചയായി രണ്ടാം തവണയും അധികാരമേറ്റ പിണറായി വിജയൻ സർക്കാർ ജനക്ഷേമ-തൊഴിലാളി ക്ഷേമ പദ്ധതികളും നവകേരളത്തിനായുള്ള സമഗ്ര വികസന പദ്ധതികളും കൂടുതൽ ഫലപ്രദമായി നടപ്പാക്കി വരികയാണ്.

സംസ്ഥാനത്ത് പുതിയ തൊഴിൽസംസ്കാരം വളർത്തിയെടുക്കാനും നിക്ഷേപ സൗഹൃദാന്തരീക്ഷം ഉറപ്പുവരുത്താനും കഴിഞ്ഞത് കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ തിളക്കമാർന്ന നേട്ടമാണ്. എല്ലാ വിഭാഗം തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണവും പിന്തുണയുമാണ് ഈ മുന്നേറ്റത്തിന് കരുത്തായത്. ഈ അന്തരീക്ഷം തുടർന്നുകൊണ്ടുപോകാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

പുരസ്കാര ജേതാക്കൾക്കും 'മികവ് 2021' പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച കിലെയ്ക്കും അഭിനന്ദനങ്ങൾ. തൊഴിലാളികളുടെ അന്തസ്സും അഭിമാനവും ഉയർത്താൻ 'തൊഴിലാളി ശ്രേഷ്ഠ' പുരസ്കാരം പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

**ടി പി രാമകൃഷ്ണൻ എം.എൽ.എ.**
(മുൻ തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി)

## സന്ദേശം



ശ്രീ. കെ.എൻ. ഗോപിനാഥ്
ചെയർമാൻ, കിലെ

'തൊഴിലാളി ശ്രേഷ്ഠ'പുരസ്കാരം രാജ്യത്ത് തന്നെ ആദ്യ മാണ്. പല കാര്യങ്ങളിലും മാതൃകയായ പിണറായി സർക്കാരിന്റെ കാലത്ത് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ആദ്യമാ യി സംസ്ഥാനത്തെ മികച്ച തൊഴിലാളികൾക്കായി 'തൊഴി ലാളി ശ്രേഷ്ഠ' പുരസ്കാരം 2020' 21 ൽ നൽകുകയായിരു ന്നു. പതിനഞ്ച് തൊഴിലാളികൾക്കാണ് പുരസ്കാരം ലഭിച്ചത്.

സാധാരണ ഗതിയിൽ തൊഴിലാളിയുടെ മഹത്വത്തെ വേണ്ട തുപോലെ പരിഗണിക്കപ്പെടാത്ത ലോകത്ത് മികച്ച തൊഴിലാ ളികൾക്കുള്ള അംഗീകാരം പുതിയൊരു സംസ്കാരത്തിന്റെ തുടക്കം കൂടിയാണ്. തൊഴിലാളി വർഗം അദ്ധ്വാനിച്ച് സൃഷ്ടി ക്കപ്പെടുന്ന സമ്പത്താണ് ഒരു സാമൂഹ്യ വ്യവസ്ഥയെ താങ്ങി നിർത്തുന്നത്. ഉൽപാദനം കെട്ടഴിച്ച് വിടുന്നതിലൂടെയാണ് സമ്പത്ത് ഉണ്ടാകുന്നത്. സാമൂഹ്യപുരോഗതിയുണ്ടാവു ന്നത് സമ്പത്ത് കൈവരുമ്പോഴാണ്. അതുകൊണ്ട് തന്നെ ആദ്യം അംഗീകരിക്കേണ്ടത് തൊഴിലാളിയെയും തൊഴിലാളി വർഗത്തെയുമാണ്.

പ്രകൃതിയിൽ തന്റെ അദ്ധ്വാനശേഷി വിനിയോഗിച്ച് തൊഴി ലാളി മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നു. അത് സൃഷ്ടി ക്കുന്ന മിച്ചമൂല്യം സമൂഹത്തിന്റെ തന്നെ വികാസഗതി അരക്കിട്ടുറപ്പിക്കുന്നു. പ്രഥമ പുരസ്കാരത്തിന് അർഹരാ യവർ, ചെത്ത്, നെയ്ത്ത്, ആതുരശുശ്രൂഷ, തയ്യൽ, സെയിൽസ് മാൻ, തെങ്ങ് കയറ്റ തൊഴിലാളി, കയർതൊഴി ലാളി, ആഭരണ നിർമ്മാണം, ഡ്രൈവിംഗ്, കയറ്റിറക്ക്, ഗാർഹിക തൊഴിൽ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ പണിയെടുക്കുന്നവരാണ്. അവരുടെ വളർച്ചയുടെ വിവിധ തലങ്ങൾ എത്ര പ്രയാസമേറിയതായിരുന്നു എന്നും, ഉയർന്നു വന്ന വെല്ലുവിളികളെ അനായസേന അറിവും, നിശ്ചയദാർഢ്യവും, അർപ്പണതയും കൊണ്ട് അതിജീവിച്ചതി ന്റെ നേർസാക്ഷ്യമാണ് കിലെയുടെ ഈ പ്രത്യേകപതിപ്പ്.

ഇനിയും കൂടുതൽ തൊഴിലാളി ശ്രേഷ്ഠരെ തേടി അർഹത തനിയെ എത്തുന്നതിന് ഈ ലക്ഷ്യം പ്രേരകമാകുക തന്നെ ചെയ്യും. അർഹരായ മുഴുവൻ തൊഴിലാളികളെയും ഇത്ത രമൊരു സൽകർമ്മത്തിന് അവസരമൊരുക്കിയ സംസ്ഥാന സർക്കാരിനെയും അഭിനന്ദിക്കുന്നു.



സ്നേഹത്തോടെ
**കെ.എൻ. ഗോപിനാഥ്**
ചെയർമാൻ, കിലെ

# സന്ദേശം



ശ്രീ. സുനിൽ തോമസ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ

തൊഴിലാളി വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനു മായി ചരിത്രപരമായ ഇടപെടലുകൾ നടത്തിയ സംസ്ഥാ നമാണ് കേരളം. അസംഘടിത മേഖലയിലെ മികച്ച 15 തൊഴിലാളികളെ കണ്ടെത്തി പ്രശംസിച്ച സർക്കാർ തീരു മാനം ശ്ലാഘനീയമാണ്. തൊഴിലാളികളുടെയും തൊഴി ലാളി കുടുംബങ്ങളുടെയും ഉന്നമനത്തിനായി'കിലെ' വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. 15 അവാർഡ് ജേതാക്കളുടെ ജീവിതവഴി പഠിച്ചറിഞ്ഞ ഈ പ്രവർത്തി നാളത്തെ തൊഴി ലാളി സമൂഹത്തിന് ഒരു പ്രചോദനമാണ്.

ഒരു മനുഷ്യനും അസാദ്ധ്യമായിട്ട് ഒന്നുമില്ല എന്നാണ് ഈ 15 പേരും അവരുടെ ജീവിതത്തിലൂടെ തെളിയിച്ചത്. സ്ത്രീ പുരുഷ ഭേദമന്യേ മികവു തെളിയിച്ച തൊഴിലാളികൾക്ക് സർക്കാർ ഏർപ്പെടുത്തിയ ഇത്തരമൊരു അവാർഡ് വളരെ പ്രശംസനീയമാണ്. അത്തരം ഒരു പ്രശംസനീയമായ പ്രവർ ത്തിയുടെ ഭാഗമായി കിലെ ഈ 15 വ്യക്തികളുടെയും ജീവിത വഴികളെ ആസ്പദമാക്കി 'മികവ് 2021' എന്ന ഒരു മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. തുടർന്നും ഇത്തരം മികച്ച തീരുമാനങ്ങളും പ്രവർത്തിയും സർക്കാ രിൻെറ ഭാഗത്തുനിന്നും, അതിനു വേണ്ട പരിശ്രമം തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകട്ടെയെന്നും ആശംസിക്കുന്നു. ഈ അവസരത്തിൽ മാഗസിന് വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും നന്ദിയറിയിക്കുന്നു. നിറഞ്ഞ അഭിമാനത്തോടും ചാരിതാർത്ഥ്യ ത്തോടും മികവ് 2021 പൊതുജനസമക്ഷം സമർപ്പിക്കുന്നു.



**സുനിൽ തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ

# തൊഴിലാളി ശ്രേഷ്ഠ പുരസ്കാര ജേതാക്കൾ



**അശ്വതി. എ.എസ്**
മലപ്പുറം
നഴ്സ്



**അനൂപ് പി**
മലപ്പുറം
സെയിൽസ് മാൻ



**ജോർജ്ജ് വർഗ്ഗീസ്**
ഇടുക്കി
മോട്ടോർ തൊഴിലാളി



**ഗ്രേസി. കെ.സി**
എറണാകുളം
കയർ തൊഴിലാളി



**കുഞ്ഞഹമ്മദ്. എ**
വയനാട്
തയ്യൽ തൊഴിലാളി



**ലിജി കെ.എസ്**
ആലപ്പുഴ
ടെക്സ്റ്റൈൽ തൊഴിലാളി



**മുരളീധരൻ. ടി.എസ്**
വയനാട്
ചെത്ത് തൊഴിലാളി



**നസറുദ്ദീൻ കുട്ടി. വൈ**
കൊല്ലം
ചുമട്ടു തൊഴിലാളി



**രാജേഷ്. ടി**
കോഴിക്കോട്
ആഭരണ തൊഴിലാളി



**സരസ്വതി അമ്മ. പി**
കൊല്ലം
കശുവണ്ടി തൊഴിലാളി



**കെ. ശശി**
ആലപ്പുഴ
മരം കയറ്റ തൊഴിലാളി



**കെ.വി. സജീവൻ**
എറണാകുളം
സെക്യൂരിറ്റി ഗാർഡ്



**ഷൈനി റെയ്ച്ചൽ. സി**
കൊല്ലം
ഗാർഹിക തൊഴിലാളി




**ഉണ്ണികൃഷ്ണൻ. എൻ**
പാലക്കാട്
നിർമ്മാണ തൊഴിലാളി



**കെ.ആർ. വസന്ത**
വയനാട്
തോട്ടം തൊഴിലാളി

**ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും മൊമെന്റോയും അടങ്ങുന്നതാണ് പുരസ്കാരം.**



# അശ്വതി എന്ന മാലാഖ

നഴ്സുമാരെ ഭൂമിയിലെ മാലാഖമാരെന്നാണ് വിളിക്കുന്നത്. ഫ്ളോറൻസ് നൈറ്റിംഗേൽ എന്ന ദൈവത്തിന്റെ കൈവിരലുകളും മനസ്സുമുള്ള ശുശ്രൂഷകയുടെ ജീവിതത്തിന്റെ ചുവടുപിടിച്ചാണ് നഴ്സുമാരുടെ സേവനം എന്നും വാഴ്ത്തപ്പെടുന്നത്. ഫ്ളോറൻസിനുശേഷമാണ് ഭൂമിയിലെ മാലാഖമാർ എന്ന വിളിപ്പേര് ഈ സേവനമേഖലയിലുള്ളവർക്ക് വന്നുചേർന്നത്. ഇത്തവണ കേരള സർക്കാരിന്റെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് നേടിയവരിലും ഒരു മാലാഖയുണ്ട്, അശ്വതി. എ.എസ് എന്ന കോട്ടയം വെള്ളൂർ സ്വദേശിനി. കോട്ടയത്തെ നഴ്സുമാർ ആഗോളതലത്തിൽ ശ്രദ്ധേയരാണ്. ലോകത്തെ എല്ലാ രാജ്യങ്ങളിലെയും ആശുപത്രികളിൽ മലയാളി നഴ്സുമാരുണ്ടാകും അവരിൽ ഒരാളെങ്കിലും കോട്ടയം സ്വദേശിയാകുമെന്നത് വെറുംകഥയല്ല, സത്യം അതാണ്.

അത്തരത്തിൽ നിരവധി കാവൽ മാലാഖമാരെ സംഭാവന ചെയ്ത കോട്ടയത്തിന്റെ മണ്ണിൽനിന്ന് അംഗീകാരനിറവിൽ എത്തിനിൽക്കുകയാണ് അശ്വതി എ.എസ് എന്ന ഇരുപത്തേഴുകാരി.

വെള്ളൂരിൽ ഓട്ടോഡ്രൈവറായ പിതാവിന്റെയും തയ്യൽ തൊഴിലാളിയായ മാതാവിന്റെയും മകളായി ജനനം. ഒരു സഹോദരനുണ്ട്. മധ്യവർഗ്ഗകുടുംബത്തിലെ മകളായതിനാൽ കുടുംബത്തിന്റെ ഇല്ലായ്മകൾ മനസ്സിലാക്കിയാണ് അശ്വതി വളർന്നത്. എട്ടാം ക്ലാസ് വരെ സ്വകാര്യസ്കൂളിൽ പഠനം. പിന്നീട് സർക്കാർ വിദ്യാലയത്തിലേക്ക്.

അധ്യാപികയാകാനായിരുന്നു ആഗ്രഹമെങ്കിലും പ്ലസ് ടുവിന് ശേഷം തൊഴിലധിഷ്ഠിത കോഴ്സ് എന്ന നിലയിലാണ് നഴ്സിംഗ് തെരഞ്ഞെടുത്തത്. പഠനം പൂർത്തിയാക്കിയ ഉടനെ



ജോലിയും ലഭിച്ചു. ബാങ്കിൽ നിന്ന് വായ്പയെടുത്താണ് പഠനം പൂർത്തിയാക്കിയത്. ഇപ്പോഴും വായ്പ അടച്ചുകൊണ്ടിരിക്കുകയാണെന്നും അശ്വതി പറയുന്നു.

നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയറി (എൻഎബിഎച്ച്) ന്റെ അംഗീകാരമുള്ള ആശുപത്രിയിൽ നാലുവർഷമായി ജോലിചെയ്തുവരികയാണ് അശ്വതി. നഴ്സിംഗ് കേവലമൊരു ജോലിയല്ലെന്നും അത് സേവനമന:സ്ഥിതിയോടെ ചെയ്യേണ്ടതാണെന്നും അശ്വതി പറയുന്നു. തങ്ങളുടെ മുന്നിൽ വരുന്നവരെ ശുശ്രൂഷിക്കുമ്പോൾ സഹാനുഭൂതിയാണ് മുഖത്തും മനസ്സിലും തെളിയേണ്ടത്; അല്ലാതെ സഹതാപമല്ല. ആതുരസേവനം പുണ്യപ്രവൃത്തിയാണ്. നഴ്സിംഗ് പഠനസമയത്ത് ആശങ്കകൾ ഉണ്ടായിരുന്നെങ്കിലും പരിശീലനം പുരോഗമിക്കവെ അതെല്ലാം മാറി. പൂർണ്ണസമർപ്പണത്തോടെയാണ് ഈ ജോലിയെ നോക്കിക്കാണുന്നത്.


തന്റെ അധ്യാപകരിൽനിന്ന് ലഭിച്ച അടിസ്ഥാനപാഠങ്ങളാണ് ഈ അംഗീകാരത്തിന് അർഹയാക്കിയത്. നമ്മുടെ കുടുംബത്തിനൊപ്പം നമ്മെ വാർത്തെടുക്കുന്നതിൽ നാം നിരന്തരം ഇടപഴകുന്ന സാഹചര്യങ്ങളും അവിടത്തെ വ്യക്തികളും നമ്മുടെ സമീപനവും വലിയ പങ്കുവഹിക്കുന്നു. തന്റെ സമീപം ശുശ്രൂഷ തേടി വരുന്നവരെ മനസ്സിലാക്കാൻ ശ്രമിച്ചതാണ് അശ്വതിയെ നഴ്സിംഗ് മേഖലയിൽ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരത്തിന് അർഹയാക്കിയത്.

ജോലി ചെയ്യുന്ന ആശുപത്രിയിൽ മികച്ച സഹകരണമാണ് ലഭിക്കുന്നത്. അവിടത്തെ എച്ച് ആർ മാനേജരാണ് തൻെറ പേര് അവാർഡിനായി നൽകിയത്. അഭിമുഖത്തിന് പോകുമ്പോൾ വാഹനവും ഏർപ്പാടാക്കി. സ്റ്റാഫ് അനുഗമിക്കുകയും ചെയ്തു. അവാർഡ് ലഭിക്കുന്നതിന് മുമ്പാണ് മാനേജ്മെന്റ് തനിക്ക് ക്വാളിറ്റി കൺട്രോൾ നഴ്സായി സ്ഥാനക്കയറ്റം നൽകിയതെന്നും അശ്വതി പറയുന്നു.

ശമ്പളം മാത്രം മുന്നിൽക്കണ്ട് ആരും ഈ ജോലിയിലേക്ക് വരരുതെന്നാണ് അശ്വതിക്ക് പറയാനുള്ളത്. സഹജീവികളോട് കരുണയും സഹാനുഭൂതിയും അവശ്യം വേണ്ട മേഖലയാണിത്. ശുശ്രൂഷ തേടി വരുന്ന ഓരോ വ്യക്തിയിലും സ്വയം ദർശിക്കാൻ ഒരു നഴ്സിന് കഴിയണം. അപ്പോഴേ അവരുടെ വേദന ഉൾക്കൊണ്ട് നമ്മളാൽ കഴിയുന്ന സഹായം ചെയ്യാനാകൂ. അങ്ങനെ ചെയ്താൽ മാത്രമേ ഈ ജോലിയിൽ സംതൃപ്തി കണ്ടെത്താനാവൂ എന്നും അശ്വതി യുവതലമുറയോട് പറയുന്നു.

'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചശേഷം ആശുപത്രിയിലും നാട്ടിലുമൊക്കെ സ്വീകരണം ലഭിച്ചു. നാട്ടുകാരൊക്കെ മതിപ്പോടെയാണ് ഇപ്പോൾ നോക്കുന്നത്. നഴ്സ് എന്നത് തൊഴിലാണോ എന്ന ചെറിയൊരു വിമർശനം ഉയർന്നത് വിഷമിപ്പിച്ചുവെങ്കിലും കാര്യമാക്കിയില്ല. എന്നും ഈ സേവന മേഖലയിൽ തുടരണമെന്നാണ് ആഗ്രഹമെന്നും അശ്വതി പറഞ്ഞു. സഹോദരൻ പത്താം ക്ലാസ് കഴിഞ്ഞ് ഫയർ ആൻഡ് സേഫ്റ്റിയാണ് പഠിച്ചതെങ്കിലും ഇപ്പോൾ ഗൾഫിൽ ഡ്രൈവറായി ജോലി ചെയ്യുകയാണ്. ഈ ചെറിയ ജീവിതത്തിൽ സന്തോഷം കണ്ടെത്തുകയാണ് താനും തന്റെ കുടുംബവുമെന്നും എന്നും നന്മ നിറഞ്ഞ മനസ്സോടെ മുന്നോട്ടു പോകാൻ കഴിയണമെന്നുമാണ് പ്രാർത്ഥനയെന്നും അശ്വതി പറയുന്നു.

> "'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചശേഷം ആശുപത്രിയിലും നാട്ടിലുമൊക്കെ സ്വീകരണം ലഭിച്ചു. നാട്ടുകാരൊക്കെ മതിപ്പോടെയാണ് ഇപ്പോൾ നോക്കുന്നത്. നഴ്സ് എന്നത് തൊഴിലാണോ എന്ന ചെറിയൊരു വിമർശനം ഉയർന്നത് വിഷമിപ്പിച്ചുവെങ്കിലും കാര്യമാക്കിയില്ല. എന്നും ഈ സേവന മേഖലയിൽ തന്നെ തുടരണം. എന്നും നന്മ നിറഞ്ഞ മനസ്സോടെ മുന്നോട്ടുപോകാൻ കഴിയണമെന്നുമാണ് പ്രാർത്ഥന
>
> **അശ്വതി.**"



# സുവർണ്ണ നേട്ടവുമായി അനൂപ്

സ്വർണ്ണം വിൽക്കലാണ് അനൂപിന്റെ ജോലി. തെറ്റിദ്ധരിക്കേണ്ട, കൊണ്ടോട്ടി മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിൽ 13 വർഷമായി സെയിൽസ് മാനേജരാണ് മലപ്പുറം വിളയിൽ ചോലയിൽ ഹൗസിൽ ഗോപിനാഥന്റെയും ഷീലയുടെയും മകൻ അനൂപ്. വിദ്യാഭ്യാസത്തിനനുസരിച്ചുള്ള ജോലി തേടി മടുത്തപ്പോഴാണ് അനൂപ് സെയിൽസ്മാനാകാൻ തീരുമാനിച്ചത്. ആ തീരുമാനം തെറ്റിയില്ലെന്ന് 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരം തെളിയിക്കുന്നുവെന്ന് അനൂപ് പറയുന്നു.

സ്പിന്നിംഗ് മിൽ തൊഴിലാളിയായിരുന്നു അനൂപിന്റെ പിതാവ് ഗോപിനാഥൻ. അനൂപിനെയും സഹോദരിയെയും അല്ലലൊന്നും അറിയിക്കാതെയാണ് വളർത്തിയത്. കുടുംബത്തിൽ സാമ്പത്തികബുദ്ധിമുട്ട് ഉണ്ടായിരുന്നില്ലെന്നും അനൂപ് ഓർക്കുന്നു. കുട്ടിക്കാലത്ത് അധ്യാപകനാകാനായിരുന്നു താൽപര്യം. പക്ഷേ, വിധിഹിതം മറ്റൊന്നായിരുന്നു. എസ്.എസ്.എൽ.സിയും ഐ.ടി.ഐയും കഴിഞ്ഞ് മറ്റേതൊരു യുവാവിനെയുംപോലെ അനൂപും തൊഴിൽ തേടിയിറങ്ങി. പഠനത്തിനനുസരിച്ചുള്ള ജോലിതേടലായിരുന്നു ശ്രമം.




ഫലമോ നിരാശയും. അങ്ങനെ മനസ്സ് മടുത്തിരിക്കുമ്പോഴാണ് സുഹൃത്തുക്കൾ വഴി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ കൊണ്ടോട്ടി ഷോറൂമിൽ സെയിൽസ്മാനെ ആവശ്യമുണ്ടെന്ന് അറിയുന്നത്. അങ്ങനെ അപേക്ഷ അയച്ചു. അഭിമുഖം കഴിഞ്ഞ് ജോലിയും ലഭിച്ചു. 20ാം വയസ്സിലാണ് ജോലിക്ക് കയറിയത്. 13 വർഷമായി ഈ ജോലി ചെയ്യുന്നുവെന്നും ഒരുപാട് ആളുകളെ കാണാനും ഇടപഴകാനും സാധിക്കുന്നുവെന്നും അനൂപ് പറഞ്ഞു.

വളരെ ക്ഷമ വേണ്ട ജോലിയാണ് സെയിൽസ്മാന്റേത്. മാന്യവും ഹൃദ്യവുമായ പെരുമാറ്റവും ആകർഷകമായ വ്യക്തിത്വവും ഈ തൊഴിലിന് കൂടിയേ തീരൂ. അത് നമ്മുടെ മനസ്സിനും ശരീരത്തിനും ഗുണം ചെയ്യും. എന്തിനെയും ചെറുപുഞ്ചിരിയോടെ നേരിടാൻ ഈ തൊഴിൽ നമ്മെ ശീലിപ്പിക്കുമെന്നും അനൂപ് പറയുന്നു. അനൂപ് വിവാഹിതനാണ്. ഒരു വയസ്സുള്ള അർവിൻ മകനാണ്. തനിക്കും കുടുംബത്തിനും അന്നമേകുന്നത് ഈ തൊഴിലാണെന്നും അത് ആത്മാർപ്പണത്തോടെ ചെയ്യുന്നുവെന്നും അനൂപ് പറഞ്ഞു.

വർഷാവർഷമുള്ള പ്രൊമോഷന് പുറമെ നിരവധി ആനുകൂല്യങ്ങൾ കമ്പനി എല്ലാ തൊഴിലാളികൾക്കും നൽകിവരുന്നുണ്ട്. സ്ഥാപനത്തിൽ ജോലിക്ക് കയറിയപ്പോൾ അറ്റൻഡറായിരുന്നു. വർഷാവർഷമുള്ള പ്രൊമോഷനിലൂടെ ഇപ്പോൾ സെയിൽസ് മാനേജരാണ്. 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് നേടാനായി കമ്പനി നൽകിയ പിന്തുണയും പ്രോത്സാഹനവും ചെറുതായിരുന്നില്ല. എല്ലാ തൊഴിലാളികളെയും ഉയരങ്ങളിലേക്ക് എത്തിക്കാൻ മലബാർ ഗോൾഡ് ആൻറ് ഡയമണ്ട്സും ശ്രമിക്കുന്നുണ്ട്.

'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിൽ വളരെ സന്തോഷവും അഭിമാനവുമുണ്ട്. ഇങ്ങനെയൊരു അവാർഡ് സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒരാൾക്ക് ലഭിക്കുന്നത് ജീവിതത്തിലെ വലിയൊരു അംഗീകാരം തന്നെയാണ്. ഇത്ര ചെറിയ തൊഴിൽ മേഖലയിൽനിന്നു പോലും ജേതാക്കളെ കണ്ടെത്തിയ സർക്കാരിനോടുള്ള നന്ദിയും അനൂപ് മറച്ചുവയ്ക്കുന്നില്ല. അവാർഡിലൂടെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്ന് തനിക്ക് ലഭിച്ച അംഗീകാരം ചെറുതല്ലെന്നും അനൂപ് കൂട്ടിച്ചേർത്തു. ●

> "വളരെ ക്ഷമ വേണ്ട ജോലിയാണ് സെയിൽസ്മാന്റേത്. മാന്യവും ഹൃദ്യവുമായ പെരുമാറ്റവും ആകർഷകമായ വ്യക്തിത്വവും ഈ തൊഴിലിന് കൂടിയേ തീരൂ. അത് നമ്മുടെ മനസ്സിനും ശരീരത്തിനും ഗുണം ചെയ്യും. എന്തിനെയും ചെറുപുഞ്ചിരിയോടെ നേരിടാൻ ഈ തൊഴിൽ നമ്മെ ശീലിപ്പിക്കും.
>
> 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിൽ വളരെ സന്തോഷവും അഭിമാനവുമുണ്ട്. ഇങ്ങനെയൊരു അവാർഡ് സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒരാൾക്ക് ലഭിക്കുന്നത് ജീവിതത്തിലെ വലിയൊരു അംഗീകാരം തന്നെയാണ്."
>
> **അനൂപ്**



# പാളാതെ 18 വർഷം ജോർജ്ജേട്ടൻസ് ടിപ്പർ

"ടിപ്പർ ഡ്രൈവറോ, ഓ കൊലയാളി വണ്ടിയുടെ ഡ്രൈവറല്ലേ''എന്ന മട്ടിലാണ് പലപ്പോഴും നാട്ടുകാരുടെ സംസാരം. ടിപ്പറിനോടും മറ്റുമുള്ള മലയാളിയുടെ മനോഭാവം 2018ലെ മഹാപ്രളയകാലത്ത് ഒട്ടൊന്നു മാറിയെങ്കിലും പൊതുചിന്താഗതിയിൽ കാര്യമായ മാറ്റം വന്നിട്ടില്ല. ടിപ്പർ എന്നാൽ കൊലയാളിവണ്ടിയെന്നും റോഡിൽ തോന്നും പോലെ വാഹനമോടിച്ച് അപകടമുണ്ടാക്കുന്നവരാണ് ടിപ്പർ ഡ്രൈവർമാരെന്നുമുള്ള ധാരണ കാലങ്ങളായി വേരുറച്ചു പോയതാണ്. എന്നാൽ, ഒന്നര പതിറ്റാണ്ടിലേറെയായി പാളാതെ, പാകപ്പിഴയില്ലാതെ വളയം പിടിക്കുകയാണ് ടിപ്പർ ഡ്രൈവറായ തൊടുപുഴക്കാരൻ ജോർജ്ജ്കുട്ടി. കുടുംബത്തിന്റെ അന്നത്തിനായി വളയംപിടിച്ചു തുടങ്ങിയ ജോർജ്ജ്കുട്ടിക്ക് തന്റെ വാഹനം അത്രമേൽ പ്രിയങ്കരമാണ്; ഡ്രൈവിംഗ് എക്കാലത്തെയും പ്രിയപ്പെട്ട ജോലിയും.

കൊലാഞ്ഞിയിൽ വർക്കിയുടെയും അന്നമ്മയുടെയും ഏഴു മക്കളിൽ ഏറ്റവും ഇളയവനാണ് ജോർജ്ജ് വർഗീസ് എന്ന നാട്ടുകാരുടെ ജോർജ്ജ്കുട്ടി. അഞ്ച് സഹോദരിമാരും ഒരു സഹോദരനുമാണ് ജോർജ്ജ്കുട്ടിക്ക് ഉള്ളത്. ജോർജ്ജ്കുട്ടിക്ക് ഒരു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. ഏഴ് മക്കളെ വളർത്താൻ അന്നമ്മ കൂലിപ്പണിക്കിറങ്ങി. പിന്നീട് സഹോദരിമാരും പഠനം നിർത്തി ചെറിയ ജോലികൾക്ക് പോയിത്തുടങ്ങി. അഞ്ചു സഹോദരിമാരുടെ കുഞ്ഞാങ്ങളയായിരുന്നു ജോർജ്ജ്കുട്ടി. വസ്ത്രത്തിനും ആഹാരത്തിനും വേണ്ടി ബുദ്ധിമുട്ടിയ, രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ അമ്മയും



സഹോദരങ്ങളും പെടാപ്പാട് പെടുന്നതുകണ്ട ജോർജ്ജ്കുട്ടി 14ാം വയസ്സിൽ ജോലി തേടിയിറങ്ങി. അതോടെ വിദ്യാഭ്യാസം മുടങ്ങി. അതായിരുന്നു കുടുംബത്തിന്റെ അവസ്ഥ. തന്റെ പഠനകാലത്ത് എങ്ങനെയെങ്കിലും കുടുംബത്തെ പോറ്റണമെന്ന ചിന്ത മാത്രമായിരുന്നതിനാൽ നാളയെക്കുറിച്ച് പ്രതീക്ഷയൊന്നും ഇല്ലായിരുന്നുവെന്ന ജോർജ്ജ്കുട്ടിയുടെ വാക്കുകളിൽ പ്രതിഫലിക്കുന്നത് വലിയ കുടുംബത്തിന്റെ ഉത്തരവാദിത്വം പേറിയൊരാൾ താണ്ടിയ കനൽവഴികളാണ്.


ജീവിക്കാനായി പല ജോലിയും  ചെയ്യാൻ ശ്രമിച്ചെങ്കിലും ഡ്രൈവറാകുക എന്ന  ചെറുപ്പത്തിലേയുള്ള ആഗ്രഹമാണ് സഫലമായതെന്ന് ജോർജ്ജ്കുട്ടി പറയുന്നു.  കൗമാരക്കാലത്തെ കമ്പമായിരുന്നു ഡ്രൈവിംഗ്. അതുതന്നെ ജീവിതവഴിയായതും വിധിയുടെ കളി. നാട്ടിൽ  ഡ്രൈവിംഗ് സ്കൂൾ ഇല്ലാതിരുന്നതിനാൽ പരിചയക്കാരുടെ ഔദാര്യംകൊണ്ടാണ് ഡ്രൈവിംഗ് പരിശീലിച്ചത്. 1983  ൽ ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചു. വാഹനം വാങ്ങാനുള്ള ശേഷി ഇല്ലായിരുന്നതിനാൽ ഉപജീവനത്തിനായി ഒരു കട തുടങ്ങിയെങ്കിലും പച്ച പിടിച്ചില്ല. പിന്നീട് ഓട്ടോറിക്ഷ ഓടിച്ച് കുടുംബം പോറ്റാൻ തുടങ്ങി. എന്നാൽ, ഹൃദയസംബന്ധമായ അസുഖംമൂലം അതും പകുതിവഴിയിൽ നിർത്തേണ്ടിവന്നു. പിന്നീട് ചെറു വാഹനങ്ങളും കാറും ഓടിച്ച് അന്നത്തിന് വക കണ്ടെത്തി. എന്നാൽ, മനക്കരുത്തിന്റെ ബലത്തിൽ രോഗത്തെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച ജോർജ്ജ്കുട്ടി ടിപ്പർ ഡ്രൈവറായി. 2003 മുതൽ 18  വർഷമായി എം സാൻഡ് കമ്പനിയിലെ ടിപ്പർ ലോറി ഡ്രൈവറായി ജോലിനോക്കുകയാണ്.

ഏതൊരു ജോലിക്കും ബുദ്ധിമുട്ടും നൻമയുമുണ്ട്. ഈ യന്ത്രത്തോടുള്ള താൽപര്യമാണ് എന്നെ ഞാനാക്കിയത്. ടിപ്പർ ലോറികൾ മത്സരയോട്ടം നടത്തി അപകടം വരുത്തുന്നുവെന്ന് പറയുന്നവരോട് ഒരപകടംപോലും സംഭവിക്കാതെ 18 വർഷമായി ടിപ്പർ ഡ്രൈവറായി ജോലി ചെയ്യുന്ന തൊടുപുഴക്കാരൻ ജോർജ്ജ്കുട്ടി ഉണ്ടെന്ന് പറയണം  അഭിമാനത്തോടെ ജോർജ്ജ്കുട്ടി പറയുന്നു.

ജോലി ചെയ്യുന്ന കമ്പനിയാണ് തന്നെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡിലേക്ക് നാമനിർദേശം ചെയ്തത്. കമ്പനി ഉടമസ്ഥർക്ക് തന്നിലുള്ള വിശ്വാസവും സ്നേഹവുമാണ് അതിന് പിന്നിലെന്നും ജോർജ്ജ്കുട്ടി പറഞ്ഞു. അവാർഡ് ലഭിച്ചശേഷം, പഞ്ചായത്തിൽനിന്നും വിവിധ രാഷ്ട്രീയ പാർട്ടികളിൽനിന്നും സ്വീകരണവും അനുമോദനവും ലഭിച്ചു. ഇത്തരം അവാർഡുകൾ തൊഴിലാളി വർഗത്തിന് അതും സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക പ്രോത്സാഹനവും അഭിമാനവും തന്നെയാണ്. ഇനിയും ഇത്തരം അവാർഡുകളിലൂടെ ഒരുപാട് തൊഴിലാളികളെ കേരളക്കര ഏറ്റെടുക്കണം. അവാർഡ് തുകയിലൂടെ തനിക്കുണ്ടായിരുന്ന ബാധ്യതകൾ തീർക്കാൻ കഴിഞ്ഞു. പുരസ്കാരലബ്ധിയിൽ കുടുംബജീവിതത്തിന്റെ സന്തോഷവും സമാധാനവും വർദ്ധിച്ചു. കഴിയുന്നത്രകാലം അദ്ധ്വാനിച്ചു തന്നെ ജീവിക്കണമെന്നും ചെയ്യുന്ന അദ്ധ്വാനത്തിനുള്ള ഫലം ഒരുനാൾ നമ്മെത്തേടി വരുമെന്നുമാണ് ഈ അറുപതുകാരന് പുതുതലമുറയോട് പറയാനുള്ളത്.

●

> "ഏതൊരു ജോലിക്കും അതിന്റേതായ ബുദ്ധിമുട്ടും നൻമയുമുണ്ട്. ഈ യന്ത്രത്തോടുള്ള താൽപര്യമാണ് എന്നെ ഞാനാക്കിയത്. ടിപ്പർ ലോറികൾ മത്സരയോട്ടം നടത്തി അപകടം ഉണ്ടാക്കുന്നുവെന്നു പറയുന്നവരോട് ഒരപകടംപോലും സംഭവിക്കാതെ 18 വർഷമായി ടിപ്പർ ഡ്രൈവറായി തൊടുപുഴക്കാരൻ ജോർജ്ജ്കുട്ടി ഉണ്ടെന്ന് പറയണം
>
> **ജോർജ്ജ്കുട്ടി** "



# കയർപിരിച്ച് ജീവിതം നെയ്ത ഗ്രേസി

തകഴിയുടെ 'കയർ' മലയാളികൾക്കെല്ലാം അറിയാം. കുട്ടനാടിന്റെ ചരിത്രത്തിന്റെ ഇഴപിരിച്ച ഒരുകൂട്ടം മനുഷ്യരുടെ ജീവിതകഥ പറഞ്ഞ തകഴിയുടെ വിഖ്യാതമായ നോവൽ. ഇവിടെ പറയുന്നത് കയർപിരിച്ച് ജീവിതം നെയ്തെടുത്ത ഗ്രേസി.കെ.സി എന്ന തൃശൂർ സ്വദേശിനിയുടെ കഥയാണ്. പതിനെട്ടാം വയസ്സിൽ കയർപിരിക്കാനിറങ്ങി 35 വർഷങ്ങൾക്കിപ്പുറം അതേ തൊഴിൽമേഖലയിലെ മികവിന് പുരസ്കാരജേതാവായ ഗ്രേസി. കെ.സി എന്ന കയർ തൊഴിലാളിയുടെ അനന്യമായ ജീവിതകഥ.

തൃശൂർ ജില്ലയിലെ മടത്തുവാതുരുത്തിൽ ചിക്കുവിന്റെയും സബേത്തിന്റെയും അഞ്ചു മക്കളിൽ ഇളയവളാണ് ഗ്രേസി. കൂലിപ്പണിക്കാരായ അച്ഛനും അമ്മയും ജോലിചെയ്തു കൊണ്ടുവരുന്ന പണം വലിയ കുടുംബത്തിന്റെ ദാരിദ്ര്യമകറ്റാൻ പോന്നതായിരുന്നില്ല. തുടർന്ന് പഠിക്കാൻ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ഗ്രേസിക്ക് നാലാം ക്ലാസിൽ പഠിത്തം നിർത്തേണ്ടി വന്നു. തുടർന്ന് ഗ്രേസിയും സഹോദരങ്ങളും അതത് കാലങ്ങളിൽ ജോലിക്കിറങ്ങി. തുടക്കത്തിൽ ഗ്രേസി അമ്മയ്ക്കൊപ്പമാണ് നാട്ടിലെ കയർപിരി യൂണിറ്റിൽ പോയിത്തുടങ്ങിയത്. ജോലി പുലർച്ചെ ആരംഭിക്കും. തുടക്കത്തിൽ ദിവസം 25 രൂപയായിരുന്നു കൂലി.

കുടുംബത്തിന് കൈത്താങ്ങായിനിന്ന ഗ്രേസി 28ാം വയസ്സിലാണ് വിവാഹിതയായത്. തുടർന്ന് കയർപിരി സംഘത്തിൽ ജോലി ലഭിച്ചു. 25 വർഷമായി ചെറുപുഷ്പം പള്ളിക്കടുത്തുള്ള കൂട്ടുകാട് കയർ സംഘത്തിലാണ് ജോലി. ജോലിയോടുള്ള താൽപര്യമാണ് കുടുംബമായശേഷവും ജോലി തുടരാൻ കാരണമെന്ന് ഗ്രേസി പറയുന്നു.



“ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് നൽകുന്ന പ്രചോദനം ചെറുതല്ല. താഴെത്തട്ടിലെ തൊഴിലാളികളെ കണ്ടെത്തി അവരെ തെരഞ്ഞെടുത്തതിൽ അതിയായ സന്തോഷമുണ്ട്. ഈ അവാർഡ് ജീവിതത്തിന് ഏറെ സന്തോഷവും അഭിമാനവും പകർന്നുനൽകി. ജോലിയിൽ ആത്മവിശ്വാസം കൂടുതൽ വർധിച്ചു.”

എറണാകുളം ചേന്ദമംഗലം മാടക്കപ്പുറം പുളിക്കലിലാണ് ഗ്രേസി കുടുംബസഹിതം ഇപ്പോൾ താമസം. രണ്ട് പെൺമക്കളുണ്ട്. മക്കളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവ കയർ പിരി തൊഴിലിലെ വരുമാനത്തിൽനിന്നാണ് നടത്താനായത് എന്ന് ഗ്രേസി പറഞ്ഞു. മക്കൾ രണ്ടുപേരെയും ബിരുദംവരെ പഠിപ്പിച്ചു.

35 കൊല്ലമായി കയർപിരി തൊഴിലാളിയായ ഗ്രേസിക്ക് തന്റെ തൊഴിലിനോട് വല്ലാത്തൊരു അടുപ്പമാണ്. ഭാവിയെ കുറിച്ച് സ്വപ്നം കാണാൻപോലും കഴിയാത്ത പ്രായത്തിൽ പഠനം നിർത്തേണ്ടിവന്നതിൽ വിഷമമുണ്ടെങ്കിലും ചെറുപ്രായത്തിൽതന്നെ ജോലി ചെയ്തുതുടങ്ങിയതിലും കുടുംബത്തിന് കൈത്താങ്ങായതിലും അഭിമാനം മാത്രമേയുള്ളൂവെന്ന് ഗ്രേസി പറഞ്ഞു. ചെറുപ്പത്തിലേ തന്നെ ജോലിയിൽ മികച്ച പരിശീലനം ലഭിച്ചതിനാൽ തൊഴിലിൽ വൈദഗ്ദ്ധ്യം നേടാൻ കഴിഞ്ഞു. ഈ ജോലി തന്റെ ജീവിതത്തിനോട് ഇഴ ചേർന്നിരിക്കുന്നു.

പരമ്പരാഗത തൊഴിൽ മേഖലയായ കയർ മേഖലയിൽ ‘തൊഴിലാളിശ്രേഷ്ഠ’ അവാർഡ് കരസ്ഥമാക്കിയതിലെ ഗ്രേസിയുടെ സന്തോഷം വിവരണാതീതമാണ്. അവാർഡ് ഒരു വലിയ അംഗീകാരം തന്നെയാണ്. അവാർഡ് ലഭിച്ചതിനുശേഷം നിരവധി സ്വീകരണങ്ങളും അഭിനന്ദനങ്ങളും തേടിയെത്തി. നാട്ടുകാർ എവിടെവച്ചു കണ്ടാലും തിരിച്ചറിയുന്നു. അവാർഡിന്റെ ഭാഗമായി പള്ളികളിലും അനുമോദനം ലഭിച്ചു. നടി പൂർണ്ണിമ ഇന്ദ്രജിത്തിനോടു മൊപ്പം വേദി പങ്കിടാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു. സ്വപ്നത്തിൽ പോലും ഒരു സാധാരണ തൊഴിലാളിക്ക് ചിന്തിക്കാൻ കഴിയാത്തത്ര അംഗീകാരമാണ് സംസ്ഥാന സർക്കാർ നൽകിയ ത്ഗ്രേസിയുടെ ഹൃദയത്തിൽ തൊട്ട സാക്ഷ്യം.


ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് നൽകുന്ന പ്രചോദനം ചെറുതല്ല. താഴെത്തട്ടിലെ തൊഴിലാളികളെ കണ്ടെത്തി അവരെ തെരഞ്ഞെടുത്തതിൽ അതിയായ സന്തോഷമുണ്ട്. ഈ അവാർഡ് ജീവിതത്തിന് ഏറെ സന്തോഷവും അഭിമാനവും പകർന്നുനൽകി. ജോലിയിൽ കൂടുതൽ ആത്മവിശ്വാസം വർധിപ്പിച്ചെന്നും ഗ്രേസി പറഞ്ഞു.

കയർ തൊഴിലിലേക്ക് വരുന്ന യുവതലമുറയ്ക്ക് ഗ്രേസിയുടെ ജീവിതം പ്രചോദനമാണ്. ഏതു തൊഴിലായാലും ചെയ്യുന്ന ജോലി ആത്മാർത്ഥതയോടെ ചെയ്താൽ അംഗീകാരങ്ങൾ നമ്മെ തേടി വരുമെന്നാണ് ഗ്രേസിയുടെ പക്ഷം. ജീവിതത്തിൽ ത്യാഗം സഹിച്ച് മുന്നേറുകയാണ് വേണ്ടതെന്ന പാഠമാണ് ഗ്രേസിയുടെ ജീവിതം പുതുതലമുറയ്ക്ക് നൽകുന്നത്.

●

“ ഈ അവാർഡ് ഒരു വലിയ അംഗീകാരം തന്നെയാണ്. അവാർഡ് ലഭിച്ചതിനു ശേഷം നാട്ടുകാർ എവിടെവച്ചു കണ്ടാലും തിരിച്ചറിയുന്നു. സിനിമാനടി പൂർണ്ണിമ ഇന്ദ്രജിത്തിനോടുമൊപ്പം വേദി പങ്കിടാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു. സ്വപ്നത്തിൽ പോലും ഒരു സാധാരണ തൊഴിലാളിക്ക് ചിന്തിക്കാൻ കഴിയാത്തത്ര അംഗീകാരമാണ് സംസ്ഥാന സർക്കാർ നൽകിയത്. ”

**ഗ്രേസി**



# സ്വപ്നങ്ങൾ തുന്നുന്ന കുഞ്ഞഹമ്മദ്

കുഞ്ഞഹമ്മദ് ആര്യാടൻ, കണിശക്കാരനാണ് തൊഴിലാളിയും തൊഴിലുടമയുമാണ്. കൂലിക്ക് വസ്ത്രങ്ങൾ തുന്നി തുടങ്ങിയ കുഞ്ഞഹമ്മദ് ഇടയ്ക്ക് ഗൾഫിലും ഭാഗ്യം പരീക്ഷിച്ചെങ്കിലും തിരികെയെത്തി സ്വന്തം സംരംഭം തുടങ്ങി. ഒരു ചെറിയ തുന്നൽക്കട. മുതലാളിയും തൊഴിലാളിയും കുഞ്ഞഹമ്മദ് മാത്രം. അവിടെനിന്ന് ഇരുപതോളം ജീവനക്കാരുള്ള സ്ഥാപനത്തിന്റെ ജീവാത്മാവായി മാറിയിരിക്കുകയാണ് വയനാട് മാനന്തവാടിക്കാരൻ. മറ്റുള്ളവരുടെ സ്വപ്നവസ്ത്രം തുന്നിത്തുന്നി സ്വന്തം സ്വപ്നങ്ങളും മികവോടെ തുന്നിയെടുത്തു ഈ മാന്ത്രികൻ.

കുഞ്ഞഹമ്മദ് ഇന്ന് കേരളത്തിലെ താരമാണ്. സംസ്ഥാന സർക്കാരിന്റെ 2020ലെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിനാൽ നാട്ടിലെങ്ങും താരപരിവേഷമാണ് ഇദ്ദേഹത്തിന്. വിവിധ മേഖലയിൽനിന്നുള്ള തൊഴിലാളികൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകിവരുന്ന പുരസ്കാരമാണ് 'തൊഴിലാളിശ്രേഷ്ഠ'. മികച്ച തയ്യൽക്കാരനുള്ള അവാർഡാണ് മൊയ്തീന്റെയും നബീസയുടെയും മകനായ കുഞ്ഞഹമ്മദ് ആര്യാടനെ തേടിയെത്തിയത്.

കുട്ടിക്കാലത്ത് സാമ്പത്തികമായി പിന്നോക്കം നിന്ന കുടുംബമായിരുന്നു കുഞ്ഞഹമ്മദിന്റേത്. അഞ്ച് മക്കളടങ്ങുന്ന കുടുംബത്തിന്റെ ദാരിദ്ര്യമകറ്റാൻ പിതാവിന്റെ കൃഷിപ്പണിക്കോ മാതാവിന്റെ തോട്ടം തൊഴിലിനോ സാധിച്ചിരുന്നില്ല. എസ്.എസ്.എൽ.സി.ക്കു ശേഷം 17ാം വയസ്സിലാണ് തയ്യലിൽ പരിശീലനം തുടങ്ങിയത്. കൂടുതൽ പഠനമെന്ന ആഗ്രഹമുണ്ടായിരുന്നെങ്കിലും സാമ്പത്തികസ്ഥിതി അനുവദിച്ചില്ല. വീടിനടുത്തുള്ള കൃഷ്ണൻ ചേട്ടന്റെ കടയിലാണ് കുഞ്ഞഹമ്മദിനെ പിതാവ് മൊയ്തീൻ തയ്യൽ പരിശീലനത്തിന് എത്തിച്ചത്. വളരെ കണിശക്കാരനായ ആശാനായിരുന്നു കൃഷ്ണൻ. അതുകൊണ്ടു തന്നെ കുഞ്ഞഹമ്മദ് കുറ്റമറ്റ തയ്യൽക്കാരനായി.

23ാം വയസ്സിൽ വീട്ടിലെ ചെറിയ മുറിയിൽ ഒരു തയ്യൽ മെഷീനുമായി കുഞ്ഞഹമ്മദ് തന്റെ തൊഴിൽ ആരംഭിച്ചു. 1989ൽ ജീവിതസാഹചര്യം മെച്ചപ്പെടുത്താനായി ഗൾഫിലേക്ക് പോയെങ്കിലും ശമ്പളം കുറവായതിനാൽ 1995ൽ തിരികെയെത്തി. തുടർന്ന് മാനന്തവാടിയിൽ ഒരു കട വാടകയ്ക്കെടുത്ത് സ്വന്തമായി തയ്യൽ ജോലി തുടങ്ങി. തുന്നൽ ജോലിയിലെ നൂതനരീതികൾ വേഗം പഠിച്ചെടുത്ത കുഞ്ഞഹമ്മദ് ജോലിയിൽ വളരെ മുന്നേറി.



അതോടെ കുഞ്ഞഹമ്മദിന്റെ തയ്യൽ മികവ് നാട്ടിലെമ്പാടും പാട്ടായി. നാട്ടിലെ പോലീസ് ഉദ്യോഗസ്ഥരും ഹോസ്റ്റൽ വിദ്യാർത്ഥികളും ഉൾപ്പെടെ തുണി തുന്നാൻ നൽകിത്തുടങ്ങി. അങ്ങനെ ജീവിതം പച്ചപിടിച്ചു വരുമ്പോഴാണ് റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്രചാരമായത്. അതോടെ തുന്നൽ ജോലി കുറഞ്ഞു. അപ്പോൾ കുഞ്ഞഹമ്മദ് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കോട്ടൺ തുണിയും മറ്റു തുണിത്തരങ്ങളും കൊണ്ടു വന്ന് കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഡിസൈൻ ചെയ്യാനും തുടങ്ങി. അതോടെ കടയിലേക്ക് യുവാക്കൾ ഒഴുകിയെത്തി. തുടർന്ന് അഞ്ചുപേരെ സഹായികളായി നിയോഗിച്ചു. അത് 2002 ൽ 18 ജീവനക്കാരായി മാറി.

ഒരു സ്മാൾ സ്കെയിൽ വ്യവസായമായിട്ടാണ് കുഞ്ഞഹമ്മദ് സംരംഭം ആരംഭിച്ചത്. പടിപടിയായി വളർന്ന് ജില്ല, സംസ്ഥാന, ദേശീയ തലത്തിൽ അംഗീകാരം ലഭിക്കുകയും ഇന്ത്യയിലെ മികച്ച 10 സ്മാൾ സ്കെയിൽ വ്യവസായത്തിൽ ഒന്നായി മാറുകയും ചെയ്തു. കാലത്തിനനുസരിച്ചുള്ള മാറ്റം വരുത്തിക്കൊണ്ടിരിക്കുകയെന്നതാണ് കുഞ്ഞഹമ്മദിന്റെ ബിസിനസ് മാജിക്. ചെയ്യുന്ന തൊഴിലിൽ കൃത്യനിഷ്ഠയും ആത്മാർത്ഥതയുമാണ് പ്രധാനം. കസ്റ്റമേഴ്സ് ആവശ്യപ്പെടുന്ന തീയതിയുടെ തലേദിവസം തന്നെ പ്രോഡക്ട് പായ്ക്ക് ചെയ്തു വയ്ക്കുമെന്നതാണ് തൊഴിൽ പുരോഗതിയുടെ രഹസ്യം. കസ്റ്റമേഴ്സിന്റെ അഭിരുചിക്കാണ് കുഞ്ഞഹമ്മദ് എന്നും പ്രാധാന്യം നൽകുന്നത്.

സ്വന്തം കഴിവുകൾ നല്ല രീതിയിൽ പ്രകടിപ്പിക്കാൻ കഴിയുന്ന തൊഴിൽ മേഖലയാണ് തയ്യൽ. കൃഷ്ണൻ എന്ന തന്റെ ആശാൻ കണിശക്കാരനായതിനാലാണ് താൻ ഇന്ന് ഈ അവാർഡിന് അർഹനായതെന്നും ഗൾഫിലെ തൊഴിലുടമയിൽനിന്നാണ് കൃത്യനിഷ്ഠ പാലിക്കേണ്ടതിന്റെ അവശ്യകത മനസ്സിലാക്കിയതെന്നും അവിടെ കാര്യങ്ങൾ കുറച്ചു കൂടി കൃത്യതയാണെന്നും കുഞ്ഞഹമ്മദ് പറയുന്നു. ഈ കൃത്യനിഷ്ഠത തന്റെ തൊഴിലാളികൾക്കും പകർന്ന് നൽകാറുണ്ട്. കടയിൽ കൃത്യസമയം ജോലിക്ക് എത്തണമെന്നും ശുചിത്വം പാലിക്കേണ്ടത് പ്രധാനമാണെന്നും അദ്ദേഹം തന്റെ തൊഴിലാളികളെ ബോധവാന്മാരാക്കുന്നുണ്ട്. തയ്യൽ തൊഴിലിനോട് വളരെ നല്ല കാഴ്ചപ്പാടും അഭിമാനവുമാണ് കുഞ്ഞഹമ്മദ് പുലർത്തുന്നത്. അവാർഡ് ലഭിച്ചതിന്റെ ഒരു വലിയ പങ്ക് തന്റെ തൊഴിലാളികളുടേതാണ്. രണ്ടാംഘട്ട ഇൻറർവ്യൂ കഴിഞ്ഞപ്പോഴും തന്റെ സ്റ്റാഫിന്റെ പിന്തുണ വളരെ മികച്ചതായിരുന്നുവെന്നും കുഞ്ഞഹമ്മദ് പറയുന്നു.


ആതുരസേവനരംഗത്തും കുഞ്ഞഹമ്മദ് മികവ് കാട്ടുന്നുണ്ട്. ഉദയ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടനയുടെ ഭാരവാഹിയാണ്. വർഷാവർഷം ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ച് ഇതിൽനിന്ന് ലഭിക്കുന്ന തുക രോഗികൾക്കു ധനസഹായം നൽകാനും സമൂഹവിവാഹവും മറ്റും നടത്താനും ഉപയോഗിക്കുന്നു. 17 വർഷമായി സംഘടിപ്പിക്കുന്ന ടൂർണമെന്റ് കോവിഡ് ലോക്ഡൗൺ കാരണം മുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല പ്രവർത്തകനുള്ള ഉദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പുരസ്കാരം കുഞ്ഞഹമ്മദിനാണ് ലഭിച്ചത്.

തന്റെ തൊഴിലിൽ കുഞ്ഞഹമ്മദ് പൂർണ്ണ സന്തുഷ്ടനാണ്. പ്രളയവും കോവിഡുമൊക്കെ തന്റെ ബിസിനസിനെ ബാധിച്ചെങ്കിലും അതൊക്കെ മന:സാന്നിധ്യത്തോടെ നേരിട്ടു. 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിനുശേഷം മികച്ച ജനസ്വീകാര്യതയാണ് ലഭിക്കുന്നത്. സംഘടനകളും വ്യക്തികളും മികച്ച പിന്തുണയാണ് നൽകുന്നത് കുഞ്ഞഹമ്മദ് പറയുന്നു. വളരെ മികച്ച പ്രചോദനമാണ് ഈ അവാർഡിലൂടെ തയ്യൽ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത്.

ഇത്തരത്തിൽ അവാർഡ് സംഘടിപ്പിച്ചതിൽ സംസ്ഥാന ഗവൺമെൻറിനെ പ്രശംസിക്കുന്നു. ഇത് തൊഴിലാളികളുടെ ആത്മവിശ്വാസത്തെ വർദ്ധിപ്പിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അവാർഡിലൂടെ താരമായ കുഞ്ഞഹമ്മദിനെ തേടി ഇപ്പോൾ കസ്റ്റമേഴ്സിന്റെ ഒഴുക്കാണ്.

യുവതലമുറയ്ക്ക് കൈത്തൊഴിലിനോട് താൽപര്യവും അതിനുവേണ്ട ക്ഷമയുമില്ലെന്നാണ് കുഞ്ഞഹമ്മദിന്റെ അഭിപ്രായം. പുതുതലമുറയിലെ മിക്കവർക്കും മൊബൈൽ ഫോൺ മാത്രം മതി. ഇതൊക്കെ മാറ്റിയെടുക്കണം. ഒരു കൈത്തൊഴിൽ പഠിക്കുന്നത് എവിടെ പോയാലും ഗുണം ചെയ്യും. തന്റെ ജീവിതം അതിന്റെ ഉദാഹരണമാണ്. ജീവിതത്തിൽ റിസ്ക് എടുക്കാൻ തയ്യാറാകണം. എന്ത് തൊഴിലാണെങ്കിലും അത് പഠിച്ചെടുക്കണം. അതിൽ ഒരു മടിയും വിചാരിക്കരുത് എന്നാണ് കുഞ്ഞഹമ്മദിന്റെ അഭിപ്രായം. ഏത് തൊഴിലായാലും സ്വന്തം നിലയിൽ നിൽക്കാൻ പഠിക്കണമെന്നും അദ്ദേഹം പുതുതലമുറയോട് പറയുന്നു. ●

> "യുവതലമുറയ്ക്ക് കൈത്തൊഴിലിനോട് താൽപര്യവും അതിനുവേണ്ട ക്ഷമയുമില്ല. ഇന്നത്തെ തലമുറയ്ക്ക് മൊബൈൽ ഫോൺ മാത്രം മതി. ഇതൊക്കെ മാറ്റിയെടുക്കണം. ഒരു കൈത്തൊഴിൽ പഠിക്കുന്നത് എവിടെ പോയാലും ഗുണം ചെയ്യും. ജീവിതത്തിൽ റിസ്ക് എടുക്കാൻ തയ്യാറാകണം. ഏത് തൊഴിലായാലും സ്വന്തം നിലയിൽ നിൽക്കാൻ പഠിക്കണം."
>
> **കുഞ്ഞഹമ്മദ് ആര്യാടൻ.**



# ചെറു പുഞ്ചിരിയോടെ ലിജി

കുടുംബപ്രശ്നങ്ങളും പ്രാരാബ്ധങ്ങളും എത്രയൊക്കെ ഉണ്ടായാലും മനസ്സ് കലുഷിതമായാലും ചില്ലുവാതിൽ കടന്ന് എത്തുന്നവരോട് നിറഞ്ഞ ചിരിയോടെ സ്വാഗതമോതുന്ന ചിലരുണ്ട്, വസ്ത്രാലയങ്ങളിലെ നിറക്കൂട്ടുകൾക്കിടയിൽ അത്രത്തോളം നിറമില്ലാത്ത ജീവിതം നയിക്കുന്നവർ അഥവാ ജീവിതത്തിന് നിറമേകാൻ തൊഴിൽ ചെയ്യുന്നവർ-സെയിൽസ് വിമെൻ.
മലയാളത്തിൽ അത്രത്തോളം പരിചിതമുള്ള ഒരു പദം ഇനിയും ശീലമായി കഴിഞ്ഞിട്ടില്ലാത്തതിനാൽ  തൽക്കാലം ഈ ആംഗലേയപദം തന്നെയാണ് ആശ്രയം. ആത്മസംഘർഷങ്ങൾ മാറ്റിവച്ച് കസ്റ്റമേഴ്സിനോട് ചിരിക്കുന്ന, ജീവിതത്തെ ചിരിയോടെ നേരിടുന്ന ഒരു സെയിൽസ് വിമെനും ഇത്തവണ 'തൊഴിലാളിശ്രേഷ്ഠ' അവാർഡിന് അർഹയായി; ആലപ്പുഴ ജില്ലയിലെ  ചേർത്തല തുറവൂർ സ്വദേശിനി ലിജി. തന്റെ ജീവിതത്തിൽ ലിജി നേരിട്ട പരീക്ഷണങ്ങൾ ഏറെയാണ്. അഭിമാനിയായ പിതാവിന്റെ ആത്മഹത്യയും അപ്രതീക്ഷിതമായെത്തിയ വിവാഹവുമെല്ലാം അതിൽ ചില ഏടുകൾ മാത്രം. ലിജിയുടെ ജീവിതത്തിലൂടെ...

ആലപ്പുഴ തുറവൂരിൽ കള്ളുഷാപ്പ് ജീവനക്കാരനായിരുന്നു ലിജിയുടെ പിതാവ്. അച്ഛനും അമ്മയും നാല് മക്കളും അച്ഛന്റെ അമ്മയും സഹോദരിയും ഉൾപ്പെടുന്ന വലിയ കുടുംബത്തിന്റെ ഏക വരുമാനം പിതാവിന്റെ ഷാപ്പിലെ ജോലിയിൽ നിന്നുള്ളതായിരുന്നു. ലിജിയുൾപ്പെടെ മൂന്ന് പെൺമക്കളും ഒരു മകനും. എല്ലാവരെയും നല്ലരീതിയിൽ പഠിപ്പിക്കുക എന്നത് ആ  ഗൃഹനാഥനെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടായിരുന്നു.

അഭിഭാഷക ആകണമെന്നതായിരുന്നു ലിജിയുടെ ആഗ്രഹം. എന്നാൽ, വലുതായപ്പോൾ പഠനത്തിൽ അത്രത്തോളം മിടുക്ക് കാട്ടാനായില്ല. പത്താം ക്ലാസ് പാസായശേഷം തൊഴില



ധിഷ്ഠിത കോഴ്സ് എന്ന നിലയിൽ ടൈപ്പ് റൈറ്റിംഗിന് ചേർന്നു. ഒരു സഹോദരി പ്രീഡിഗ്രി വരെ പഠിച്ചു. ഏറ്റവും ഇളയ അനുജത്തി ബിരുദാനന്തരബിരുദം നേടി. സഹോദരനും ബിരുദം വരെ പഠിച്ചു.

29ാം വയസ്സിലാണ് ലിജിയുടെ വിവാഹം. ജീവിതത്തിൽ അപ്രതീക്ഷിത സംഭവങ്ങൾ ഘോഷയാത്രയായെത്തിയ സമയമായിരുന്നു അതെന്ന് ലിജി ഓർക്കുന്നു. വിവാഹത്തിന് ഭർത്തൃവീട്ടുകാർ പൊന്നോ പണമോ ഒന്നും ചോദിച്ചില്ല. എന്നാൽ, പിതാവ് ചിലതൊക്കെ കൊടുക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷേ, സമയത്ത് പണം ശരിയായില്ല. അഭിമാനിയായ അദ്ദേഹത്തിന് മകളെ വെറുംകൈയോടെ പറഞ്ഞുവിടാൻ മനസ്സുവന്നില്ല. അതുകൊണ്ടുതന്നെ വിവാഹം നിശ്ചയിച്ച തീയതിക്ക് ദിവസങ്ങൾക്കുമുമ്പ് ആ പിതാവ് ജീവിതം അവസാനിപ്പിച്ചു. ലിജിയും കുടുംബവും ആകെ തകർന്നു. ഈ വിവരമറിഞ്ഞ് ലിജിയുടെ പ്രതിശ്രുത വരൻ വിവാഹതീരുമാനത്തിൽ ഉറച്ചുനിന്നു. പിതാവിന്റെ മരണം കഴിഞ്ഞ് 17ാം ദിവസം വിവാഹം.

പത്രത്തിലെ പരസ്യം കണ്ടാണ് ലിജി സെയിൽസ് വിമെൻ ജോലിക്ക് അപേക്ഷിച്ചത്. എറണാകുളത്തായിരുന്നു അഭിമുഖം. ആദ്യം ജോലി ചെയ്തത് തിരുവനന്തപുരം ആലപ്പാട്ട് സിൽക്സിലാണ്. അവിടെ ആറു വർഷം ജോലി ചെയ്തു. അതിനുശേഷം ഇരമല്ലൂർ റോസ് ഗാർഡനിലേക്ക് മാറി. 10 വർഷമായി അവിടെയാണ് ജോലി.

ഇഷ്ടംകൊണ്ടുതന്നെയാണ് ഈ ജോലി തെരഞ്ഞെടുത്തതെന്ന് ലിജി പറയുന്നു. ചെറിയ പ്രായത്തിൽ തുണിക്കടയിൽ പോകുമ്പോൾ പ്രസന്നവദനരായി നിൽക്കുന്ന ചേച്ചിമാരോട് ആകർഷണം തോന്നി. അവരെപ്പോലെ എപ്പോഴും ചിരിച്ചുകൊണ്ട് ആളുകളെ നേരിടാൻ കഴിയണമെന്ന് ആഗ്രഹിച്ചു. പിന്നീട് ആ ജോലി തന്നെ ലഭിച്ചതും ദൈവഹിതം. സെയിൽസ് വിഭാഗത്തിലെ ജോലിയൊക്കെ ശരിയാകുമോ എന്ന് ചിന്തിക്കേണ്ടതില്ലെന്നും എല്ലാ ജോലിക്കും അതിന്റേതായ മഹത്വമുണ്ടെന്നും ലിജി പറയുന്നു. നമ്മൾ നമ്മുടെ ഭാഗം കൃത്യമായി ചെയ്താൽ അതിന് തീർച്ചയായും ഫലമുണ്ടാകും.

'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ച വാർത്ത പത്രത്തിലും മറ്റും കണ്ട് നിരവധി പേർ വിളിച്ചു. സ്വീകരണങ്ങളും ലഭിച്ചു. സാമുദായികരാഷ്ട്രീയ സംഘടനകളും ക്ലബ്ബുകളും മറ്റും ആദരിച്ചു. തന്നെപ്പോലൊരു സാധാരണക്കാരിയുടെ ജീവിതത്തിൽ ഈ ഭാഗ്യമുണ്ടായത് ഈ ജോലി കാരണമല്ലേ. ഭർത്താവിന്റെ വരുമാനത്തിനൊപ്പം എന്റെ ചെറിയ വരുമാനം കൂടിയാകുമ്പോൾ കുടുംബത്തിലെ കാര്യങ്ങൾ അല്ലലില്ലാതെ പോകുന്നു. മകൻ നിരൻദേവ് പത്താംക്ലാസ് കഴിഞ്ഞു. അവനും അമ്മയ്ക്ക് അംഗീകാരം ലഭിച്ചതിൽ വളരെ അഭിമാനമാണുള്ളത് ലിജി പറയുന്നു.

ഈ അവാർഡ് സാധാരണക്കാരായ തൊഴിലാളികൾക്ക് എന്നും പ്രചോദനമേകുന്നതാണ്. സെയിൽസ് വിഭാഗം എന്നും അസംഘടിതമേഖലയാണ്. എന്നിട്ടും അവാർഡിനായി പരിഗണിച്ചു. അതിലൂടെ ഈ ജോലിയുടെ മഹത്വം സമൂഹത്തിന് മനസ്സിലായി.ഇനിയും മാറ്റങ്ങൾ വരണം.

തികഞ്ഞ അർപ്പണബോധത്തോടെയും ആത്മാർത്ഥതയോടെയും ജോലി ചെയ്യണമെന്നാണ് ഈ രംഗത്തേക്ക് കടന്നുവരുന്ന പുതുതലമുറയോട് ലിജിക്ക് പറയാനുള്ളത്. ശമ്പളവും ആനുകൂല്യങ്ങളും മാത്രം നോക്കി ജോലി ചെയ്യരുതെന്നും സ്ഥാപനത്തിന്റെ ഉന്നതികൂടി ലക്ഷ്യമിട്ടാകണം ജോലിയെന്നും സ്ഥാപനം വളർന്നാലേ നമുക്കും പുരോഗതിയുണ്ടാകൂ എന്നും പറയുമ്പോൾ ലിജിയുടെ മുഖത്ത് വിടരുന്നത് ഒന്നരപ്പതിറ്റാണ്ടു കാലത്തെ അനുഭവസമ്പത്തിന്റെ സംതൃപ്തിയും പുഞ്ചിരിയുമാണ്. •

> "തികഞ്ഞ അർപ്പണബോധത്തോടെയും ആത്മാർത്ഥതയോടെയും ജോലി ചെയ്യണം. ശമ്പളവും ആനുകൂല്യങ്ങളും മാത്രം നോക്കി ജോലി ചെയ്യരുത്. സ്ഥാപനത്തിന്റെ ഉന്നതികൂടി ലക്ഷ്യമിട്ടാവണം ജോലി. സ്ഥാപനം വളർന്നാലേ നമുക്കും പുരോഗതിയുണ്ടാകൂ"
>
> **ലിജി**



# 'ഞാൻ ചെത്തു തൊഴിലാളിയാണ്' – മുരളീധരൻ

പറയുന്നത് രണ്ട് പതിറ്റാണ്ടിലേറെയായി കള്ളു ചെത്തിൽ നിന്നുള്ള വരുമാനം കൊണ്ട് കുടുംബം പോറ്റുന്ന തലപ്പുഴ സ്വദേശി പി. എസ്. മുരളീധരൻ. കള്ള് ചെത്തുന്നവർ സമൂഹത്തെ ലഹരിയിൽ മുക്കുന്നവരാണെന്ന മിഥ്യാധാരണയിൽ തനിക്ക് കിട്ടിയ അംഗീകാരത്തെപ്പോലും വിലകുറച്ചു കാണുന്ന സമൂഹത്തോടാണ് തന്റെ തൊഴിലിനെ അഭിമാനപൂർവ്വം മുരളീധരൻ ഉയർത്തിപ്പിടിക്കുന്നത്. കള്ള് കൽപ വൃക്ഷത്തിൽനിന്ന് ചെത്തിയെടുക്കുന്ന നിശ്ചിത അളവിൽ ആരോഗ്യത്തിന് ഗുണകരമായ പാനീയമാണ്. അധികമാകുമ്പോഴാണ് എന്തും വിഷമാകുന്നത്. അതുമാത്രമല്ല, കള്ളിൽ കൊള്ളലാഭത്തിനായി മായം ചേർക്കുമ്പോഴാണ് അത് വിഷമാകുന്നതും ദുരന്തങ്ങൾക്ക് വഴിവെക്കുന്നതും മുരളീധരൻ പറയുന്നു. താനൊരു ചെത്തുകാരന്റെ മകനാണെന്നും ഉപജീവനത്തിനായി പിതാവിൽ നിന്ന് ശീലിച്ച തൊഴിൽ ഇന്നും സാഭിമാനം തുടരുന്നുവെന്നുമുള്ള മുരളീധരന്റെ വാക്കുകളിൽ തനിക്കും കുടുംബത്തിനും അന്നമേകുന്ന പരമ്പരാഗത തൊഴിലിനോടുള്ള ആത്മാർത്ഥതയാണ് സ്ഫുരിക്കുന്നത്.

കേരവൃക്ഷത്താൽ സമൃദ്ധമായ കേരളത്തിൽ കള്ളുചെത്ത് വളരെ പഴക്കമുള്ള പരമ്പരാഗത തൊഴിൽമേഖലയാണ്. ആലപ്പുഴ, കണ്ണൂർ, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലും ടൂറിസം അനുബന്ധമേഖലകൂടിയാണിത്. കാരണം മധുരക്കള്ളും ഭൂഭംഗിയും ആസ്വദിക്കാൻ എത്തുന്ന സഞ്ചാരികൾക്ക് ഇഷ്ടാനുസരണം ശുദ്ധമായ കള്ള് വേണമെങ്കിൽ ചെത്തുതൊഴിലാളികളുടെ സഹായം കൂടിയേ തീരൂ. ഇങ്ങനെയൊക്കെയായിട്ടും സമൂഹത്തിന്റെ പൊതുവിലുള്ള മനോഭാവത്തിൽ മാറ്റമില്ലെന്നതാണ് മുരളീധരനെപ്പോലുള്ള പരമ്പരാഗത തൊഴിലാളികളെ വിഷമിപ്പിക്കുന്നത്.




തലപ്പുഴ താനിച്ചുവട്ടിൽ ചെത്തുതൊഴിലാളിയായ ശങ്കരന്റെയും ജാനകിയുടെയും അഞ്ച് മക്കളിൽ മൂന്നാമനാണ് പി.എസ്. മുരളീധരൻ. പത്താം വയസ്സിൽ വീടിനടുത്ത് ഒരു രൂപ കൂലിക്ക് മുളക് പറിക്കാൻ പോയാണ് മുരളീധരന്റെ തൊഴിൽ ജീവിതത്തിന്റെ തുടക്കം. കുടുംബത്തെ ദാരിദ്ര്യത്തിൽനിന്ന് കരകയറ്റാൻ ബാല്യംവിടുംമുമ്പേ പല ജോലിയും ചെയ്തു. എന്നാൽ, ഏഴംഗ കുടുംബത്തിൽനിന്ന് ദാരിദ്ര്യം ഒഴിഞ്ഞുപോയില്ല. ആഹാരത്തിനും മാറിയുടുക്കാൻ വസ്ത്രത്തിനും ബുദ്ധിമുട്ടിയ ബാല്യ കൗമാരങ്ങൾ. അന്നന്നത്തെ അന്നത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ പഠനം നാലാം ക്ലാസിൽ അവസാനിച്ചു.

വീടിനടുത്തുള്ള കള്ളുഷാപ്പിലെ ചെത്ത് തൊഴിലാളിയായിരുന്നു മുരളീധരന്റെ അച്ഛൻ ശങ്കരൻ. ആ ഷാപ്പ് അടച്ചുപൂട്ടിയതോടെ അദ്ദേഹം കൂലിപ്പണിയിലേക്ക് തിരിഞ്ഞു. മുരളിയും അച്ഛനൊപ്പം പല ജോലിയുമെടുത്തു. വർഷങ്ങൾക്കുശേഷം നാട്ടിൽ പുതിയൊരു കള്ളുഷാപ്പ് വരികയും അവിടെ ചെത്തുതൊഴിലാളിയെ ആവശ്യമുണ്ടെന്നറിയുകയും ചെയ്ത മുരളീധരൻ 20ാം വയസ്സിൽ അച്ഛനിൽനിന്ന് കുലത്തൊഴിൽ ശീലിക്കുകയും ഷാപ്പിൽ ജോലി നേടുകയുമായിരുന്നു. വൈകാതെ ആ ഷാപ്പും പൂട്ടി. എന്നാൽ, കുലത്തൊഴിൽ തുടരാൻ തീരുമാനിച്ച മുരളീധരൻ മാനന്തവാടിയിലെ ഒരു ഷാപ്പിൽ ചെത്തുതൊഴിലാളിയായി. രണ്ട് പതിറ്റാണ്ടിലേറെയായി അവിടെയാണ് ജോലി.

ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബം അല്ലലില്ലാതെ ജീവിക്കുന്നത് ചെത്തുതൊഴിലിൽനിന്നുള്ള വരുമാനം കൊണ്ടാണെന്ന് മുരളീധരൻ അഭിമാനത്തോടെ പറയുന്നു. മകളുടെ വിവാഹം ഉൾപ്പെടെ നടത്തിയത് ഈ തൊഴിലിൽനിന്നുള്ള വരുമാനം കൊണ്ടാണ്. പരമ്പരാഗതമായ ഈ തൊഴിൽ പൂർണ്ണ തൃപ്തിയോടും സന്തോഷത്തോടും കൂടിയാണ് തുടരുന്നത്. ചെത്തുതൊഴിലാളികളെ പൊതുവിൽ മോശമായാണ് സമൂഹം ചിത്രീകരിക്കുന്നതും കാണുന്നതും. ശുദ്ധമായ കള്ളാണ് ചെത്തുകാരൻ നൽകുന്നത്. കള്ള് കച്ചവടക്കാർ സ്വന്തം ലാഭത്തിനുവേണ്ടി കള്ളിൽ മായം ചേർക്കുമ്പോഴാണ് നാട്ടിൽ മദ്യദുരന്തം ഉണ്ടാകുന്നത്. തനിക്ക് 'തൊഴിലാളിശ്രേഷ്ഠ' എന്ന മഹത്തായ അവാർഡ് ലഭിച്ചതിനെപ്പോലും ചിലർ പുച്ഛിക്കുന്നു. കള്ളുചെത്ത് തൊഴിലാളിയായതുകൊണ്ടും ആ മേഖലയിലാണ് അവാർഡ് ലഭിച്ചത് എന്നതുകൊണ്ടും തനിക്ക് സമൂഹത്തിൽ സ്വീകാര്യത നന്നേ കുറവായിരുന്നു. മറ്റൊരു മേഖലയിലാണ് അവാർഡ് ലഭിച്ചതെങ്കിൽ കൂടുതൽ സ്വീകരണം ലഭിക്കുമായിരുന്നിരിക്കാം. എന്നാൽ, തന്റെ തൊഴിലിൽ തനിക്ക് എന്നും അഭിമാനം മാത്രമാണുള്ളത് മുരളീധരൻ പറഞ്ഞു.

ഈ അവാർഡിനെ വലിയൊരു അംഗീകാരമായാണ് കാണുന്നത്. ഇത്തരം അവാർഡുകൾ ജോലി ചെയ്യാനുള്ള പ്രചോദനം വർദ്ധിപ്പിക്കും. മാത്രവുമല്ല, പ്രവർത്തനപന്ഥാവിൽ നമ്മുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. 'തൊഴിലാളിശ്രേഷ്ഠ' അവാർഡിലൂടെ കേരളം മുഴുവൻ തന്നെ കൂടുതൽ മനസ്സിലാക്കി. നാട്ടിലും മറ്റ് സ്ഥലങ്ങളിലുമുള്ളവർ കൂടുതൽ മനസ്സിലാക്കി തുടങ്ങിയെന്നും ചാരിതാർത്ഥ്യത്തോടെ മുരളീധരൻ പറഞ്ഞു. ഓരോ ജോലിക്കും അതിന്റേതായ മഹത്വമുണ്ട്, ആര് എന്തു പറഞ്ഞാലും ചെയ്യുന്ന ജോലിയോട് ആത്മാർത്ഥത പുലർത്തണമെന്നും മുരളീധരൻ പുതുതലമുറയോട് പറയുന്നു. •

> "ഈ അവാർഡിനെ വലിയൊരു അംഗീകാരമായാണ് കാണുന്നത്. ഇത്തരം അവാർഡുകൾ ജോലി ചെയ്യാനുള്ള പ്രചോദനം വർദ്ധിപ്പിക്കും. മാത്രവുമല്ല, പ്രവർത്തനപന്ഥാവിൽ നമ്മുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. 'തൊഴിലാളിശ്രേഷ്ഠ' അവാർഡിലൂടെ കേരളം മുഴുവൻ തന്നെ കൂടുതൽ മനസ്സിലാക്കി. നാട്ടിലും മറ്റ് സ്ഥലങ്ങളിലുമുള്ളവർ തിരിച്ചറിയാനും തുടങ്ങി
>
> **മുരളീധരൻ**"



# ജീവിതഭാരം ചുമലിലേറ്റിയ നസറുദ്ദീൻ

പത്താം വയസ്സിൽ പിതാവിന്റെ മരണം. തന്നെ മാത്രം ഉറ്റുനോക്കി ഉമ്മയും മൂന്ന് സഹോദരിമാരും. ഒരു പത്തുവയസ്സുകാരന്റെ പകപ്പ് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ, അവിടെനിന്നാണ് കൊല്ലം മൈനാഗപ്പള്ളി കാട്ടിൽപ്പറമ്പിൽ കിഴക്കതിൽ വൈ. നസറുദ്ദീൻ തന്റെ തൊഴിൽജീവിതം തുടങ്ങുന്നത്. അന്നുമുതൽ ചുമലിലേറ്റിയ ജീവിതഭാരം 49ാം വയസ്സിലും തുടരുന്നു.

നസറുദ്ദീന്റെ പിതാവ് യൂനുസ്കുഞ്ഞ് ചുമട്ടുതൊഴിലാളിയായിരുന്നു.  ഒപ്പം കശുവണ്ടി ഫാക്ടറിയിലും ജോലി ചെയ്തു. അത്യധ്വാനം ചെയ്ത് ഭാര്യയെയും നാല് മക്കളെയും പോറ്റി വരവേ അകാലത്തിൽ മരണമെത്തി. അന്ന് ഏക ആൺതരിയായ നസറുദ്ദീന് പത്തു വയസ്സ്. എന്തുചെയ്യണമെന്നറിയാതെ ആ പത്തുവയസ്സുകാരൻ ആദ്യമൊന്ന് പകച്ചു. പിന്നെ ചെറിയ ചെറിയ ജോലിക്ക് പോയിത്തുടങ്ങി. ആദ്യം സമീപത്തെ വീടുകളിൽ തേങ്ങ പൊതിക്കലും മറ്റുമായിരുന്നു ജോലി. 1990 ൽ  15ാം വയസ്സിലാണ് ചുമട്ടുതൊഴിലിലേക്ക് തിരിഞ്ഞത്. 10ാം ക്ലാസ് കഴിഞ്ഞതോടെ നാട്ടുകാരനായ ഷാഹുൽ ഹമീദിന്റെ പലചരക്കുകടയിൽ ചാക്കുകൾ ഇറക്കിയായിരുന്നു ചുമട്ടുതൊഴിലിന്റെ തുടക്കം. പിന്നീട് മില്ലിൽ അരി ഇറക്കാനും ചവറയിലെ മണ്ണ് കമ്പനിയിൽ മണ്ണ് ചുമക്കാനും പോയി. റേഷൻകടക്കാരനായ അബൂബക്കർ കുഞ്ഞാണ് ശാസ്താംകോട്ട ആനയടിയിലെ സപ്ലൈകോ ഗോഡൗണിൽ ജോലിക്ക് എത്തിച്ചത്. 20 കൊല്ലമായി അവിടെ ജോലി ചെയ്യുകയാണ് നാസറുദ്ദീൻ.



ഈ തൊഴിലിൽനിന്നുള്ള വരുമാനംകൊണ്ട് സഹോദരിമാരെ പഠിപ്പിച്ചു. ഒരു സഹോദരി ബിരുദം പൂർത്തിയാക്കി. മറ്റ് രണ്ടുപേർ 10ാം ക്ലാസും +2 വും കഴിഞ്ഞു. അവരുടെ വിവാഹവും നടത്തി. മൂന്ന് സഹോദരിമാരും നസറുദ്ദീന്റെ വീടിനടുത്ത് തന്നെയാണ് താമസം.  ഇതിനിടെ  ഉമ്മയും മരിച്ചു. ഇളയ സഹോദരിയുടെ വിവാഹത്തിനായി ബാങ്കിൽനിന്ന് വായ്പ എടുത്തതിന്റെ ബാധ്യതയുണ്ട്. ഭാര്യ ഷീബയുടെ ഉമ്മയ്ക്ക് കാൻസറാണ്. അതിന്റെ ചികിത്സാചെലവും നസറുദ്ദീൻ സന്തോഷത്തോടെ വഹിക്കുന്നു. അതൊന്നും ഭാരമല്ല തന്റെ കർത്തവ്യമാണ്  നസറുദ്ദീൻ പറയുന്നു.

പഠനകാലത്ത് ഡ്രൈവിംഗിനോടായിരുന്നു താൽപര്യം. വിദേശത്ത് പോയി ജോലിനേടി അവിടെ താമസമാക്കാനായിരുന്നു ആഗ്രഹം. എന്നാൽ, വിധിഹിതം മാറ്റാനാവില്ലല്ലോ. ഇന്ന് ഈ തൊഴിലിൽ അഭിമാനം മാത്രമേയുള്ളൂവെന്ന് നസറുദ്ദീൻ പറയുന്നു. 22 വർഷത്തിനിടയിൽ നസറുദ്ദീൻ ജോലിയിൽ നിന്ന് അവധിയെടുത്തത് 'തൊഴിലാളിശ്രേഷ്ഠ' അവാർഡിന്റെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടാണ്. ആകെ രണ്ടു ദിവസം; ഇൻറർവ്യൂവിന് പങ്കെടുക്കാനും അതിനു ശേഷം അവാർഡ് വാങ്ങാനും മാത്രം. എത്ര അവശതയുണ്ടെങ്കിലും ജോലിയിൽ ഒരു മുടക്കവും അദ്ദേഹം വരുത്തിയിട്ടില്ല എന്നത് ഈ തൊഴിലാളിയുടെ സമർപ്പണത്തിന് തെളിവാണ്. 1841 പേരിൽനിന്നാണ് നസറുദ്ദീനെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡിനായി തെരഞ്ഞെടുത്തത്.


അവാർഡിനുശേഷം ജീവിതത്തിൽ ഒരുപാട് സന്തോഷവും സ്വീകാര്യതയും ലഭിച്ചു.  അവാർഡ് വാങ്ങിവന്നപ്പോൾ പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ പൊന്നാടയണിയിച്ചാണ് വരവേറ്റത്. രാഷ്ട്രീയ നേതാക്കളും സമുദായക്കാരും എല്ലാം ആദരിച്ചു.

ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് പൂർണ്ണമായ പ്രചോദനമാണ് നൽകുന്നത്. കൊല്ലം ജില്ലയ്ക്ക് തന്നെ 3 അവാർഡാണ് ലഭിച്ചത്. നാളെ തനിക്കല്ല മറ്റൊരാൾക്കാണ് ഇത് ലഭിക്കേണ്ടത്. അതിനു വേണ്ടിയാണ് പ്രവർത്തിക്കേണ്ടതെന്നും അദ്ദേഹം മറ്റുള്ളവരോടായി പറയുന്നു. അംഗീകാരമെന്നത് എത്ര വലിയ പണത്തേക്കാളും മൂല്യമുള്ളതാണെന്നും ഈ അംഗീകാരം വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു.

'തൊഴിലാളിശ്രേഷ്ഠ' അവാർഡിലൂടെ എല്ലാവരുടെയും സ്നേഹാശംസ ലഭിച്ചു. വിദേശ രാജ്യങ്ങളിൽനിന്നും മറ്റ് വിവിധ സ്ഥലങ്ങളിൽനിന്നും ഫോണിലും  അനുമോദനം ലഭിച്ചു. മന്ത്രിയായിരുന്ന മേഴ്സിക്കുട്ടിയമ്മ, മുകേഷ് എം.എൽ.എ എന്നിവരൊക്കെ വിളിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. സത്യസന്ധതയും ചോര വിയർപ്പാക്കാനുള്ള മനസ്സും ഉണ്ടാകണമെന്നാണ് അദ്ദേഹത്തിന് പുതുതായി ഈ ജോലിയിൽ വരുന്നവരോട് പറയാനുള്ളത്.

നേതൃശേഷിയോടെ കൂടെയുള്ളവരെ നയിക്കാനുള്ള കഴിവും വരുംതലമുറയ്ക്ക് ഉണ്ടാകണം-അദ്ദേഹം പറഞ്ഞു. രാവിലെ ഏഴു മണിക്ക് ജോലി തുടങ്ങിയാൽ രാത്രി 9 മണിക്കാണ് തിരികെ വിട്ടിൽ എത്തുന്നത്. ചോര വിയർപ്പാക്കിയതിനാലാണ് തനിക്ക് ഈ അവാർഡ് ലഭിച്ചത്. നിലവിൽ 17 തൊഴിലാളികളുള്ള തന്റെ ട്രേഡ് യൂണിയൻ സംഘടന തങ്ങളുടെ ശമ്പളത്തിൽനിന്ന് മിച്ചംപിടിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയെന്നതിൽ  സന്തോഷമുണ്ടെന്നും നസറുദ്ദീൻ പറഞ്ഞു.

> "ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് പൂർണ്ണമായ പ്രചോദനമാണ് നൽകുന്നത്. കൊല്ലം ജില്ലയ്ക്ക് തന്നെ 3 അവാർഡാണ് ലഭിച്ചത്. നാളെ തനിക്കല്ല മറ്റൊരാൾക്കാണ് ഇത് ലഭിക്കേണ്ടത്. അതിനുവേണ്ടിയാണ് പ്രവർത്തിക്കേണ്ടത്. ഒരു അംഗീകാരമെന്നത് എത്ര വലിയ പണത്തേക്കാളും മൂല്യമുള്ളതാണ്.  ഈ അംഗീകാരം വളരെ വലുതാണ്
>
> **നസറുദ്ദീൻ**."



# പൊൻ പ്രതീക്ഷയേകിയ പുരസ്കാരം: രാജേഷ്

മിന്നാംമിനുങ്ങിനെ പോലെയാണ് പൊൻപണിക്കാരന്റെ ജീവിതം. മിന്നാംമിനുങ്ങിന് നുറുങ്ങുവെട്ടം മാത്രമെന്നപോലെ സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണത്തിൽ പണിയുന്നുവെന്നേയുള്ളൂ. അവന്റെ ജീവിതത്തിന് പൊൻതിളക്കമില്ല. 33 വർഷമായി പൊന്നിൽ പണിഞ്ഞ് ജീവിതമുന്തുന്ന പി.ടി. രാജേഷിന്റെ ജീവിതത്തിന്റെ കാര്യത്തിലും അതാണ് സത്യം. എന്നാൽ, ആ ജീവിതത്തിലേക്ക് വന്നുപതിച്ച പ്രതീക്ഷയുടെ പൊൻകിരണമാണ് സംസ്ഥാനസർക്കാരിന്റെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡ്. പി.ടി.രാജേഷിന്റെ ജീവിതത്തിലൂടെ...

കോഴിക്കോട് കക്കോടിയിൽ സ്വർണപ്പണിക്കാരനായ ഭാസ്കരന്റെയും കോമളവല്ലിയുടെയും മകനാണ് രാജേഷ്. രണ്ട് സഹോദരങ്ങളുണ്ട്. രാജേഷിന്റെ കുലത്തൊഴിലാണ് സ്വർണ്ണപ്പണി. അച്ഛനും അമ്മാവനുമെല്ലാം കുലത്തൊഴിലെടുത്താണ് ജീവിച്ചത്. അവരുടെ കാലത്ത് കൈകൊണ്ട് നിർമ്മിക്കുന്ന സ്വർണ്ണാഭരണങ്ങൾക്കായിരുന്നു ആവശ്യക്കാർ. എന്നാൽ, ഇന്ന് യന്ത്രനിർമ്മിത ആഭരണങ്ങൾക്കാണ് പ്രിയം. കൈകൊണ്ട് നിർമ്മിക്കുന്ന ആഭരണങ്ങൾ തേടിയെത്തുന്നവരും ഉണ്ട്. ആദ്യകാലത്ത് പണിയുണ്ടായിരുന്നെങ്കിലും വരുമാനം കുറവായിരുന്നു. നിലവിൽ നേട്ടമുണ്ടാക്കുന്നത് ഇടനിലക്കാരാണ്. കണ്ണും മനസ്സും കൂർപ്പിച്ച് മഞ്ഞലോഹത്തിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് ലഭിക്കുന്നത് തുച്ഛമായ വരുമാനം മാത്രം.



എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് രാജേഷ് സ്വർണ്ണപ്പണി പഠിച്ചത്. അച്ഛനായിരുന്നു ഗുരു. പത്താം ക്ലാസ് വരെ സർക്കാർ സ്കൂളിലായിരുന്നു വിദ്യാഭ്യാസം. അതുകൊണ്ട് ഫീസ് എന്ന ബാധ്യത ഉണ്ടായിരുന്നില്ല. പ്ലസ് വണ്ണിന് ചേർന്നെങ്കിലും ഫീസ് അടയ്ക്കാത്തതിനാൽ പലതവണ ക്ലാസിന് പുറത്തുനിൽക്കേണ്ടിവന്നു. അതോടെ മനസ്സ് മടുത്തു. അങ്ങനെ 11ാം ക്ലാസിൽ പഠനം അവസാനിപ്പിച്ച് പൂർണ്ണസമയം കുലത്തൊഴിലിലേക്ക് തിരിഞ്ഞു. 1987ൽ അച്ഛന്റെ സുഹൃത്തായ ശ്രീധരന്റെ സ്വർണ്ണപ്പണിശാലയിൽ തൊഴിലാളിയായാണ് തുടക്കം. പിന്നീട് അച്ഛൻ പണിയെടുത്തിരുന്ന കോഴിക്കോട് കമ്മത്ത് ലെയ്നിലുള്ള പണിശാലയിലെത്തി.

ദാരിദ്ര്യമറിഞ്ഞു തന്നെയാണ് രാജേഷും സഹോദരങ്ങളും വളർന്നത്. എസ്.എസ്.എൽ.സിക്ക് പഠിക്കുമ്പോൾ 2 ഷർട്ടും ഒരു പാന്റും മാത്രമാണുണ്ടായിരുന്നത്. സാമ്പത്തികമായി പിന്നോക്കമായതിനാൽ ബന്ധുക്കൾ പോലും അകറ്റിനിർത്തപ്പെട്ടു. പുച്ഛിച്ചവരുടെ മുന്നിൽ നല്ല നിലയിലെത്തണമെന്ന വാശിയോടെയാണ് രാജേഷ് അധ്വാനിച്ചത്. ഇന്ന് ഭേദപ്പെട്ട നിലയിലാണ് രാജേഷും കുടുംബവും ജീവിക്കുന്നത്. പ്രാരാബ്ധങ്ങളുണ്ടെങ്കിലും അധ്വാനിക്കാനുള്ള മനസ്സുള്ളതിനാൽ എല്ലാ പ്രതിസന്ധികളെയും നേരിട്ട് മുന്നോട്ടു പോകുകയാണ് ഈ യുവാവ്. ഇപ്പോൾ കോഴിക്കോട് മേരിക്കുന്നിലെ മണ്ണാർക്കുന്ന് 'നിർമാല്യ'ത്തിലാണ് രാജേഷ് കുടുംബസമേതം താമസിക്കുന്നത്.


മഞ്ഞലോഹത്തിൽ വിസ്മയം തീർക്കുന്നവരുടെ ജീവിതത്തിന് പുറമേ നിന്ന് കാണുന്നതുപോലെ അത്ര തിളക്കമല്ല. എന്നിരുന്നാലും കുലത്തൊഴിൽ ചെയ്യുന്നതിൽ അഭിമാനവും ആദരവുമാണ് ഉള്ളതെന്നും ഈ തൊഴിലിൽനിന്ന് ലഭിക്കുന്ന സന്തോഷവും സംതൃപ്തിയും മറ്റൊരു തൊഴിലിൽനിന്നും തനിക്ക് ലഭിക്കില്ലെന്നും രാജേഷ് പറയുന്നു.

നിലവിൽ ഇടനിലക്കാർ വന്നതോടെ ജ്വല്ലറിയിൽനിന്നുള്ള വരുമാനം കുറഞ്ഞു. എന്നിരുന്നാലും ഈ തൊഴിലല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ പോലും സാധിക്കില്ല. 'തൊഴിൽശ്രേഷ്ഠ' അവാർഡ് ലഭിച്ച ശേഷം പല സ്ഥലത്തും സ്വീകരണം ലഭിച്ചു. വിവിധ രാഷ്ട്രീയ പാർട്ടികൾ, സാമുദായിക സംഘടനകൾ എന്നിവർ സ്വീകരണം നൽകി. ഇത്തരമൊരു അവാർഡ് ഒരു സാധാരണ തൊഴിലാളിയായ തനിക്ക് ലഭിച്ചുവെന്നത് ആദ്യം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവാർഡിലൂടെ ജനങ്ങൾ തന്നെ മനസ്സിലാക്കുകയും ഒരുപാട് പുതിയ കസ്റ്റമേഴ്സിനെ ലഭിക്കുകയും ചെയ്തു.

ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക്, ചെയ്യുന്ന ജോലിയോടുള്ള വിശ്വാസവും സ്നേഹവും വർധിപ്പിക്കും. അതിലൂടെ മികച്ച തൊഴിലാളികളെ സൃഷ്ടിക്കാനും കഴിയും. യുവതലമുറയോട് ചെയ്യുന്ന ജോലിയിൽ നൂറുശതമാനം സത്യസന്ധത പുലർത്തണമെന്നും മറ്റുള്ളവരുടെ വിശ്വാസം നേടാൻ പ്രയത്നിക്കണമെന്നും രാജേഷ് പറയുന്നു. വളരെ ശ്രദ്ധയോടെ ചെയ്യേണ്ട ജോലിയാണിത്. ജീവിതപ്രാരാബ്ധങ്ങൾക്കിടയിലും ചെയ്യുന്ന ജോലിയോട് നീതി പുലർത്തുന്ന രാജേഷ് ഇന്നത്തെ തലമുറയ്ക്ക് മാതൃകയാണ്.

•

> "മഞ്ഞലോഹത്തിൽ വിസ്മയം തീർക്കുന്നവരുടെ ജീവിതത്തിന് പുറമേ നിന്ന് കാണുന്നതു പോലെ അത്ര തിളക്കമല്ല. എന്നിരുന്നാലും കുലത്തൊഴിൽ ചെയ്യുന്നതിൽ അഭിമാനവും ആദരവുമുണ്ട്. ഇത്തരമൊരു അവാർഡ് ഒരു സാധാരണ തൊഴിലാളിയായ തനിക്ക് ലഭിച്ചുവെന്നത് ആദ്യം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവാർഡിലൂടെ ജനങ്ങൾ തന്നെ മനസ്സിലാക്കുകയും ഒരുപാട് പുതിയ കസ്റ്റമേഴ്സിനെ ലഭിക്കുകയും ചെയ്തു."
>
> **പി. ടി. രാജേഷ്**



# കരപുരളാത്ത ജീവിതംപറഞ്ഞ് സരസ്വതിയമ്മ

കശുവണ്ടി ഫാക്ടറികളിൽ ജീവിതം തല്ലിക്കൂട്ടിയവർ ഏറെയാണ്. ഇന്ന് ഈ പരമ്പരാഗത തൊഴിൽ വ്യവസായ മേഖല വെല്ലുവിളി നേരിടുകയാണ്. എന്നാൽ, അതിന്റെ സുവർണ്ണകാലംമുതൽ ഇന്നോളം കശുവണ്ടി ഫാക്ടറിയിൽ പണിയെടുത്ത് ജീവിതം മുന്നോട്ടുകൊണ്ടുപോയ കഥയാണ് കൊല്ലം ചടയമംഗലം സ്വദേശിനി സരസ്വതിയമ്മയ്ക്ക് പറയാനുള്ളത്. അനുഭവങ്ങളുടെ കല്ലിൽ പരുവപ്പെടുത്തിയ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരം ലഭിച്ച സരസ്വതിയമ്മയുടെ ജീവിതത്തിലൂടെ...

കൊല്ലം കുളത്തൂപ്പുഴയിലാണ് സരസ്വതിയമ്മയുടെ ജനനം. കൂലിപ്പണിക്കാരായ മാതാപിതാക്കളുടെ നാലുമക്കളിൽ മൂത്തമകൾ. അഞ്ചുസെൻറ് ഭൂമി മാത്രമാണുണ്ടായിരുന്നത്. കുടിവെള്ളം വളരെ അകലെ നിന്ന് ചുമന്നുകൊണ്ടാണ് വന്നിരുന്നത്. വീട്ടിൽ പശുവും ആടുമൊക്കെ ഉണ്ടായിരുന്നു. ഇളയവർക്കുവേണ്ടി പഠനം പാതിവഴിയിൽ നിർത്തി. മുതിർന്നപ്പോൾ തയ്യൽക്കാരിയാകാനായിരുന്നു ആഗ്രഹം. രണ്ടുമാസം അതിനുവേണ്ടി പരിശീലനത്തിന് പോകുകയും ചെയ്തു. എന്നാൽ, തയ്യൽമെഷീൻ വാങ്ങാനുള്ള സാമ്പത്തികസ്ഥിതി ഇല്ലാതിരുന്നതിനാൽ ആഗ്രഹം പാതിവഴിയിൽ ഉപേക്ഷിച്ചു. പിന്നീട് വിവാഹിതയായി.

ചടയമംഗലം സ്വദേശിയാണ് ഭർത്താവ്. റബ്ബർ ടാപ്പിംഗ് തൊഴിലാളിയായ ഭർത്താവിന്റെ വരുമാനംകൊണ്ടാണ് കുടുംബം കഴിഞ്ഞുപോയത്. മകൻ ജനിച്ചുകഴിഞ്ഞ് 10 സെന്റ് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട് കുറച്ചുബാധ്യത വന്നു.

ഭർത്താവിന്റെ വരുമാനം കൊണ്ടുമാത്രം മുന്നോട്ടുപോകാൻ കഴിയില്ലെന്ന നില എത്തിയപ്പോഴാണ് കശുവണ്ടി ഫാക്ടറിയിൽ ജോലിക്ക് പോകാൻ തീരുമാനിച്ചത്. ഭർത്താവിന്റെ അമ്മ ജോലി ചെയ്തിരുന്ന ഫാക്ടറിയിൽ സരസ്വതിയമ്മയ്ക്കും ജോലി ലഭിച്ചു. ഭർത്താവ് പുലർച്ചെ റബ്ബർടാപ്പിങ്ങിനു പോകും. അപ്പോൾതന്നെ മൂന്നു വയസ്സുകാരൻ മകനെ ഉണർത്തി അംഗൻവാടിയിൽ പോകാൻ ഒരുക്കി അടുത്ത വീട്ടിലാക്കിയതിനു ശേഷമാണ് സരസ്വതിയമ്മ ജോലിക്ക് പോയിരുന്നത്. അയൽവാസികളുടെ പിന്തുണകൊണ്ടാണ് മകൻ വലുതാകുന്നതുവരെ ജോലിക്ക് പോകാൻ കഴിഞ്ഞതെന്നും സരസ്വതിയമ്മ പറയുന്നു.


വിവാഹം കഴിഞ്ഞ് നാല് വർഷത്തിനു ശേഷമാണ് ഈ വീട്ടമ്മ കശുവണ്ടി ഫാക്ടറിയിൽ പണിക്കു പോയി തുടങ്ങിയത്. രാവിലെ എട്ടുമുതൽ വൈകിട്ട് മൂന്നു വരെയുള്ള ഈ ജോലിയോടും ഈ തൊഴിൽ മേഖലയോടും സരസ്വതിയമ്മയ്ക്ക് തികഞ്ഞ മതിപ്പാണ്. ഈ തൊഴിൽ മുഖേന ലഭിച്ച നേട്ടങ്ങളെക്കുറിച്ച് പറയാൻ നൂറുനാവാണ് സരസ്വതിയമ്മയ്ക്ക്. തന്റെയും കുടുംബത്തിന്റെയും ചെറിയ ചെറിയ ആഗ്രഹങ്ങൾ ഈ തൊഴിൽകൊണ്ട് നേടാൻ കഴിഞ്ഞുവെന്നാണ് സരസ്വതിയമ്മ പറയുന്നത്. ശമ്പളം ഉള്ളതുകൊണ്ട് ആ ഉറപ്പിലാണ് ജീവിച്ചുപോകുന്നത്. 2004 മുതൽ കുടുംബശ്രീ അംഗമാണ്. ഇപ്പോഴും പണിതീരാത്ത വീട്ടിലാണ് താമസം.

കുടുംബത്തിലെ എല്ലാ ചെലവും താനും ഭർത്താവുംകൂടി ഒരുമിച്ചാണ് ചെയ്യുന്നത്. കുടുംബജീവിതം ഭദ്രമാണെന്നും സരസ്വതിയമ്മ കറപുരളാത്ത ചിരിയോടെ പറയുന്നു.

സംസ്ഥാന സർക്കാരിന്റെ 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിൽ സന്തുഷ്ടയാണ്. തേയില, കയർ, കശുവണ്ടി മേഖലയിൽ നിന്നുമൊക്കെ അവാർഡ് ലഭിച്ചവരുണ്ട്. വളരെ താഴെത്തട്ടിൽനിന്ന് തങ്ങളെ തെരഞ്ഞെടുത്തതിന് സർക്കാരിനോടും തൊഴിൽ വകുപ്പിനോടും ഏറെ കടപ്പാടുണ്ട്. അവാർഡ് ലഭിച്ചതിലൂടെ ഒരുപാട് അംഗീകാരങ്ങളും സ്വീകരണവുമൊക്കെ ലഭിച്ചു. കാഷ്യു കോർപ്പറേഷനിൽ നിന്ന് മന്ത്രി മേഴ്സിക്കുട്ടിയമ്മയുടെ അനുമോദനം ലഭിച്ചത് വലിയ അംഗീകാരമായി കാണുന്നു. വാർഡ് മെമ്പറും സി.ഡി.എസ്, കുടുംബശ്രീയിൽ നിന്നുമൊക്കെ നിരവധി സ്വീകരണവും ലഭിച്ചു. നേരത്തേ ഈ തൊഴിലിലേക്ക് പുതിയ തലമുറ കടന്നു വരുന്നുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അത് കുറവാണ്. ചിലർക്ക് ഈ തൊഴിൽ ഇഷ്ടപ്പെടാതെയും വരാം. സ്ത്രീയെന്ന നിലയിൽ ഈ തൊഴിൽമേഖലയിൽ ഞാൻ സുരക്ഷിതയാണ്. കമ്പനി അടുത്തായതുകൊണ്ട് യാത്രാചെലവും കുറവാണ്. കശുവണ്ടിത്തൊഴിലിലെ പെൻഷൻ, ക്ഷേമനിധി എന്നിവയൊക്കെ ഈ മേഖലയിലെ തൊഴിലാളികൾക്ക് വളരെ ആശ്വാസമാണെന്നും സരസ്വതിയമ്മ പറയുന്നു.

●

> "മൂന്നു വയസ്സുകാരൻ മകനെ ഉണർത്തി അംഗൻവാടിയിൽ പോകാൻ ഒരുക്കി അടുത്ത വീട്ടിലാക്കിയതിനു ശേഷമാണ് ജോലിക്ക് പോയിരുന്നത്. അയൽവാസികളുടെ പിന്തുണകൊണ്ടാണ് മകൻ വലുതാകുന്നതുവരെ ജോലിക്ക് പോകാൻ കഴിഞ്ഞത്.
>
> **സരസ്വതിയമ്മ** "



# ഉയരങ്ങളിൽ ജീവനംതേടുന്ന ശശി

തെങ്ങ് കൽപവൃക്ഷമാണ്. കൽപവൃക്ഷം എന്നാൽ ആവശ്യമായതെല്ലാം പ്രദാനം ചെയ്യുന്നത് എന്നും അർത്ഥമുണ്ട്. കുട്ടനാട് വൈക്കശ്ശേരിക്കാരൻ കെ.ശശിക്ക് തെങ്ങ് അക്ഷരാർത്ഥത്തിൽ ജീവിതം പ്രദാനം ചെയ്യുന്ന കൽപദ്രുമംതന്നെ. വലിയ ആഗ്രഹങ്ങളൊന്നുമില്ലാത്ത ഈ സാധാരണക്കാരന്റെ ജീവനമാർഗ്ഗം തെങ്ങുകയറ്റമാണ്. 40 വർഷമായി ശശി ഉയരങ്ങളിൽ ജീവിതം തേടാൻ തുടങ്ങിയിട്ട്. കാലവും കൂലിയും മാറി. ഹൈബ്രിഡ് തെങ്ങുകൾ സാധാരണമെങ്കിലും കേരളത്തിലിന്നും ആകാശത്തോളം തലപ്പൊക്കമുള്ള തെങ്ങുകൾ ഏറെയാണ്. അതുകൊണ്ടുതന്നെ തെങ്ങുകയറ്റക്കാർക്കായി ഉടമകൾ കാത്തിരിക്കുന്നു.

ഇതിനൊക്കെ മുമ്പുള്ള ഒരുകാലത്തെ കുറിച്ചും ശശിക്കു പറയാനുണ്ട്. 20 പൈസ കൂലിയിൽ തെങ്ങേറിത്തുടങ്ങിയ വറുതിയുടെ കാലത്തെക്കുറിച്ച്. ഓരോ തൊഴിലിനും അതിന്റേതായ ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ, തെങ്ങുകയറ്റം അപകടസാധ്യതയേറിയ തൊഴിലുകളിലൊന്നാണ്. മനോധൈര്യം ആവശ്യമായ തൊഴിൽ. കുടുംബത്തിന്റെ ദാരിദ്ര്യവും കഷ്ടപ്പാടുമാണ് തന്നെപ്പോലെ ഓരോ തെങ്ങുകയറ്റത്തൊഴിലാളിയുടെയും ധൈര്യത്തിന്റെ ചാലകശക്തിയെന്ന് ശശി പറയുമ്പോൾ അത് പച്ചയായ ജീവിതത്തിന്റെ നേർസാക്ഷ്യമാകുന്നു.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് കിഴക്കേത്തറ വൈക്കശ്ശേരിയിലാണ് ശശിയുടെ ജനനം. തെങ്ങുകയറ്റത്തൊഴിലാളിയായ



കുഞ്ഞപ്പന്റെയും അലക്കു തൊഴിലാളിയായ ചെല്ലമ്മ യുടെയും ആറ് മക്കളിൽ നാലാമൻ. അഞ്ച് സഹോദരങ്ങളാ ണ്. പഠനം രണ്ടാം ക്ലാസിൽ നിലച്ചു. കൂട്ടുകുടുംബമായതി നാൽ എല്ലാവരും നന്നേ ചെറുപ്പത്തിലേ ജോലിക്കു പോയി തുടങ്ങി. ശശിയും 15ാം വയസ്സുമുതൽ പണിക്കിറങ്ങി. പാരമ്പര്യമായി ചെയ്യുന്ന ജോലിയായിരുന്നതിനാൽ അച്ഛൻ തന്നെയായിരുന്നു ഗുരു. ഈ തൊഴിൽ തെരഞ്ഞെടുത്തതിൽ അന്നും ഇന്നും തനിക്ക് സംതൃപ്തി മാത്രമാണുള്ളതെന്ന് ശശി പറയുന്നു.

കുടുംബത്തിലെ ദാരിദ്ര്യം അകറ്റണം, ഒപ്പം കുറച്ച് കട ബാധ്യതയുള്ളത് തീർക്കണം ഇതായിരുന്നു ശശിയുടെ മനസ്സിൽ. അതിനായി ദിവസം ആകുന്നത്ര തെങ്ങുകളിൽ കയറി. അമ്പതോളം തെങ്ങുകളിൽ കയറിയ ദിവസമുണ്ട്. അന്നൊക്കെ വീടുകളിൽ ധാരാളം തെങ്ങുകളുണ്ടായിരുന്നു. തെങ്ങിൻ തോപ്പുകളും നിരവധിയായിരുന്നു. എന്നാൽ, കൂലി തുച്ഛവും. 20 പൈസയാണ് ആദ്യം കൂലിയായി ലഭിച്ചിരുന്നത്. അൽപം വല്ലതും കൂട്ടി ചോദിച്ചാൽ വീട്ടുകാരുടെ മുഖം കറു ക്കും. പോലീസിനെ കൊണ്ടുവരെ ഉപദ്രവിച്ച വീട്ടുകാരും ഉണ്ടായിരുന്നുവെന്ന് ശശി ഓർക്കുന്നു. നിത്യവൃത്തിക്കാര നോടുള്ള പ്രമാണിത്തം പുതിയ കഥയല്ലല്ലോ.

സഹോദരിമാരുടെ വിവാഹം കഴിഞ്ഞ് ബാധ്യതകളെല്ലാം തീർത്ത ശേഷമാണ് ശശി വിവാഹിതനായത്. ഭാര്യയും രണ്ടു മക്കളുമടങ്ങുന്നതാണ് ഇപ്പോൾ ശശിയുടെ കുടുംബം. നിലവിൽ തെങ്ങൊന്നിന് 60 രൂപയാണ് കൂലി. തെങ്ങുകൾ കുറവാണെങ്കിലും ശശിക്ക് മിക്ക ദിവസവും ജോലിയുണ്ട്. ശാരീരിക അവശതയുണ്ടെങ്കിലും തൊഴിൽ മുടങ്ങാതെ ചെയ്യും. അത്രമേൽ ആ തൊഴിലിനോട് ഇഴുകിച്ചേർന്നിരിക്കു ന്നു ശശിയുടെ ജീവിതക്രമം.

സന്തോഷത്തോടെയും ആത്മാർത്ഥതയോടെയുമാണ് ശശി തന്റെ തൊഴിൽ ചെയ്യുന്നത്. അതുകൊണ്ടുതന്നെയാണ് സംസ്ഥാന സർക്കാർ 'തൊഴിലാളിശ്രേഷ്ഠ' അവാർഡി നായി ശശിയെ തെരഞ്ഞെടുത്തത്.  'തൊഴിലാളിശ്രേഷ്ഠ' അവാർഡിനായി തെരഞ്ഞെടുത്തതിൽ വളരെയധികം സന്തോഷവും അഭിമാനവുമുണ്ടെന്നും നാട്ടിലും ജനങ്ങൾക്കി ടയിലും വൻസ്വീകാര്യതയാണ് ലഭിച്ചതെന്നും ശശി പറഞ്ഞു. കൂടാതെ പഞ്ചായത്തും  വിവിധ സാമുദായികസാംസ്കാ രിക സംഘടനകളും സ്വീകരണം നൽകി. അവാർഡിലൂടെ തനിക്കും തന്റെ തൊഴിലിനും കൂടുതൽ സ്വീകാര്യത ലഭിച്ചു. അവാർഡ് ലഭിച്ചപ്പോൾ പത്രദൃശ്യ മാധ്യമങ്ങളിൽ ഇന്റർവ്യൂ ഉൾപ്പെടെ വന്നതും അതിലൂടെ നാട്ടുകാർ ഉൾപ്പെടെയുള്ളവർ തിരിച്ചറിഞ്ഞതിലുള്ള ചാരിതാർത്ഥ്യവും അദ്ദേഹം പങ്കുവച്ചു. രാഷ്ട്രീയപ്രവർത്തകൻ കൂടിയായ ശശി നാട്ടുകാരുടെ ഏത് കാര്യത്തിനും മുൻപന്തിയിലാണ്.  ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് പ്രത്യേകിച്ച് അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനം തന്നെയാണ് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഒരു സാധാരണക്കാരനും സ്വപ്നം കാണാൻ പോലും കഴിയാത്തവിധത്തിലുള്ള വേദിയും സ്വീക രണവുമാണ് തനിക്ക് ലഭിച്ചത് ശശി പറഞ്ഞു.

പാരമ്പര്യതൊഴിൽ ചടങ്ങിനുവേണ്ടി ഏറ്റെടുക്കാതെ അതി നോട് ആത്മാർത്ഥമായ സമീപനമാണുള്ളതെങ്കിൽ അംഗീ കാരവും അവസരങ്ങളും തേടിയെത്തുമെന്നാണ് ശശിക്ക് പുതുതലമുറയോട് പറയാനുള്ളത്.

"'തൊഴിലാളിശ്രേഷ്ഠ' അവാർഡിനായി തെരഞ്ഞെടുത്തതിൽ വളരെയധികം സന്തോഷവും അഭിമാ നവുമുണ്ട്. നാട്ടിലും ജനങ്ങൾക്കിടയിലും വൻ സ്വീകാര്യതയാണ് ലഭിച്ചത്. കൂടാതെ പഞ്ചായത്തും വിവിധ സാമുദായികസാംസ്കാരിക സംഘടനകളും സ്വീകരണവും നൽകി. അവാർഡിലൂടെ എനിക്കും എന്റെ തൊഴിലിനും കൂടുതൽ സ്വീകാര്യത ലഭിച്ചു. ഇത്തരം അവാർഡുകൾ തൊഴിലാളി കൾക്ക് പ്രത്യേകിച്ച് അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനം തന്നെയാണ്

**കെ. ശശി**"



# കണ്ണിമയ്ക്കാതെ കാവലാളായി... പുരസ്കാര നിറവിൽ സജീവൻ

മനുഷ്യരിൽ ചെറിയവനെന്നോ വലിയവനെന്നോ ഉണ്ടോ? താത്ത്വികമായ ചോദ്യമാണിത്. പണം, അധികാരം, അംഗീകാരം എന്നിവയുണ്ടെങ്കിൽ എല്ലാമായി എന്ന തോന്നലിൽ ചിലർ കാട്ടിക്കൂട്ടുന്ന അർത്ഥശൂന്യതയാണ് ഈ ചോദ്യം ഉയർത്തിവിടുന്നത്. കാലാകാലങ്ങളായി ഈ ചോദ്യം സമൂഹത്തിൽ സജീവമാണ്. എന്നാൽ, ആരും വലിയവനല്ല; ചെറിയവനും. ഈ ലോകത്ത് എല്ലാവർക്കും അവരുടേതായ ഇടമുണ്ട്; പ്രാധാന്യവും. ശരിയായ ഇടത്ത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നയാൾ അംഗീകരിക്കപ്പെടുന്നു, അതാണ് വാസ്തവം. അത്തരത്തിൽ സന്ദർഭോചിതമായി പ്രവർത്തിച്ച് മലയാളിമനസ്സിൽ ഇടംനേടുകയും അംഗീകരിക്കപ്പെടുകയും ചെയ്ത വ്യക്തിയാണ് കെ.വി.സജീവൻ. തൊഴിലിനോടുള്ള ആത്മാർത്ഥതയും സമൂഹത്തോടുള്ള ഉത്തരവാദിത്വവും ഒന്നുപോലെ കാത്തുസൂക്ഷിച്ച സജീവന്റെ ജീവിതത്തിലൂടെ...

തേവര സ്വദേശിയായ വിമുക്തഭടൻ വേലപ്പന്റെയും നാരായണിയുടെയും എട്ടുമക്കളിൽ അഞ്ചാമനാണ് സജീവൻ. അച്ഛനെപ്പോലെ സ!!ൈ!!ന്യത്തിൽ ചേർന്ന് രാജ്യത്തെ സേവിക്കണമെന്നുള്ളതായിരുന്നു ബാല്യംമുതലേയുള്ള സജീവന്റെ ആഗ്രഹം. എന്നാൽ, സംഭവിച്ചത് മറ്റൊന്നായിരുന്നു. അച്ഛനും അമ്മയും ഏഴുസഹോദരങ്ങളുമടങ്ങുന്ന കുടുംബത്തിൽ പട്ടാളച്ചിട്ടയോടെ വളർന്ന സജീവൻ എസ്എസ്എൽസിയും ഐ.ടി.ഐയും കഴിഞ്ഞശേഷം പട്ടാളത്തിൽ ചേരാനുള്ള തയ്യാറെടുപ്പുകളുമായി മുന്നോട്ടുപോയി. അവസരം കൈയെത്തും ദൂരത്തെത്തിയെങ്കിലും സഫലമായില്ല. പിന്നീട് മത്സ്യബന്ധനമായിരുന്നു ജീവനോപാധി. തുടർന്ന് തട്ടുകട നടത്തലും വിവിധ സ്ഥാപനങ്ങളിൽ കരാർ ജോലിയും ചെയ്തു. ഭാര്യയും രണ്ടുമക്കളും അടങ്ങുന്ന ജീവിതത്തോണി ഒരുവിധം മുന്നേറുമ്പോഴാണ് ഒരു അപകടത്തിൽപ്പെട്ടത്. എട്ടുമാസത്തോളം ആശുപത്രി



ചികിത്സ വേണ്ടിവന്നു. അപകടത്തിൽ കാലിനുണ്ടായ പരിക്ക് കാരണം മറ്റ് ജോലികൾ ചെയ്യാനാകാത്തതിനാൽ സെക്യൂരിറ്റി ജോലി ജീവിതമാർഗമായി സ്വീകരിച്ചു.

മദർ കൺസ്ട്രക്ഷൻ കമ്പനിയിൽ സുരക്ഷാ ജീവനക്കാരനായിട്ടായിരുന്നു തുടക്കം. പട്ടാളക്കാരനായി നാടു കാക്കാൻ മോഹിച്ച സജീവൻ തന്നെ കാവലേൽപ്പിച്ച സ്ഥാപനത്തിന്റെ വിശ്വസ്ത കാവലാളായി. അഞ്ചുവർഷം അവിടെ ജോലി ചെയ്തു. പിന്നീട് മട്ടാഞ്ചേരി വല്ലഭദാസ് കാഞ്ചി എന്ന സുഗന്ധവ്യഞ്ജന സ്ഥാപനത്തിലെ സുരക്ഷാ ജോലിക്കാരനായി. അങ്ങേയറ്റം അർപ്പണബോധത്തോടെ ജോലി ചെയ്തുവന്ന സജീവൻ എല്ലാവരുടെയും സ്നേഹാദരം പിടിച്ചുപറ്റി.

**മറക്കാനാവില്ല ആ ദിനം**

ഡ്യൂട്ടിയിൽ പ്രവേശിച്ചാൽ പിന്നെ സജീവന്റെ മിഴികൾ തന്റെ സ്ഥാപനത്തിനു ചുറ്റും ജാഗരൂകമാകും. അന്ന് ജോലിക്കെത്തിയപ്പോഴും ആ ജാഗ്രതയോടെയാണ് സജീവൻ പുലർത്തിയത്. പുലർച്ചെ മൂന്നു മണി. സമീപത്തെ യൂണിയൻ ബാങ്ക് മന്ദിരത്തിലേക്ക് നോക്കിയ സജീവൻ ഞെട്ടി. കെട്ടിടത്തിന്റെ ഒരു ഭാഗത്ത് തീപടരുന്നു. ഉണർന്നുപ്രവർത്തിച്ച സജീവൻ ഉടൻ പൊലീസിനെയും ഫയർഫോഴ്സിനെയും അറിയിച്ചു. പിന്നീട് സമീപത്തുള്ളവരെയും അറിയിച്ച് തീ കെടുത്താൻ തുടങ്ങി. പൊലീസും ഫയർഫോഴ്സും എത്തുമ്പോഴും സജീവൻ തീ കെടുത്താനുള്ള ശ്രമത്തിലായിരുന്നു. സജീവന്റെ സമയോചിതമായ ഇടപെടലാണ് നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന, നിരനിരയായി കെട്ടിടങ്ങളുള്ള ആ പ്രദേശത്തെ വൻദുരന്തത്തിൽനിന്ന് രക്ഷിച്ചത്. ബാങ്കിനുണ്ടായേക്കാമായിരുന്ന കോടിക്കണക്കിനു രൂപയുടെ നഷ്ടത്തിൽനിന്ന് രക്ഷിക്കാനും സാധിച്ചു.

**അംഗീകാരം**


സജീവന്റെ സമയോചിതമായ ഇടപെടൽ പ്രചരിച്ചതോടെ അദ്ദേഹം പ്രദേശത്തെ താരമായി. ബാങ്ക് മാനേജരുടെ നേതൃത്വത്തിൽ ജീവനക്കാരുടെ അനുമോദനവും ഉപഹാരവും സജീവനെ തേടിയെത്തി. സംസ്ഥാന സർക്കാർ 2020 ൽ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരം നൽകി സജീവനെ ആദരിച്ചു. ക്ലബ്ബുകളുടെയും മറ്റും നേതൃത്വത്തിൽ നിരവധി അംഗീകാരങ്ങളും ലഭിച്ചു. മറ്റുള്ളവർ ഉറങ്ങുമ്പോൾ, ഉണർന്നിരുന്ന് കാവലാകുന്ന സുരക്ഷാജീവനക്കാരുടെ തൊഴിൽ മഹത്വം ഒന്നുകൂടി തെളിയിക്കപ്പെടുകയായിരുന്നു സജീവനിലൂടെ.

15 വർഷമായി സജീവൻ സുരക്ഷാജീവനക്കാരന്റെ റോൾ ഏറ്റെടുത്തിട്ട്. മട്ടാഞ്ചേരി സംഭവത്തോടെ സജീവൻ നാട്ടിലെ താരമായി. ആദ്യമൊക്കെ സുരക്ഷാജീവനക്കാരനാണ് എന്നു പറയാൻ മടിയുണ്ടായിരുന്ന സജീവന് ഇന്ന് തന്റെ ജോലി തുറന്നുപറയാൻ നൂറ് നാവാണ്. സജീവൻ ഇന്ന് സമൂഹത്തോട് പറയുന്നത് മാന്യമായ ഏത് ജോലിക്കും അതിന്റേതായ മഹത്വമുണ്ടെന്നാണ്. അധ്വാനത്തിന്റെ മഹത്വം എന്നായാലും അംഗീകരിക്കപ്പെടുമെന്നും പറയുന്നു.

മുൻകാലങ്ങളിൽ സെക്യൂരിറ്റി ജോലിക്ക് നാട്ടിൽ അത്ര മതിപ്പൊന്നും ഇല്ലായിരുന്നു. എന്നാൽ, ഇന്ന് തൊപ്പിയും യൂണിഫോമുമൊക്കെ ആയപ്പോൾ ജോലിയുടെ നിലവാരം തന്നെ മാറി. ജോലിയിൽ പുലർത്തേണ്ട ആത്മാർത്ഥതയെ കുറിച്ചാണ് ഇന്ന് സജീവന് ഈ മേഖലയിലെത്തുന്നവരോട് പറയാനുള്ളത്. യുവാക്കൾ ചെറുപ്രായത്തിലേ ഈ തൊഴിൽ തെരഞ്ഞെടുക്കുന്നതിനോടും സജീവന് താൽപര്യമില്ല. മറ്റൊന്നും കൊണ്ടല്ല, അവർക്ക് തങ്ങൾ ജീവിക്കുന്ന സമൂഹത്തിനുവേണ്ടി ക്രിയാത്മകമായ മറ്റു പല കാര്യങ്ങളും ചെയ്യാനാകും. അതിനായാണ് ജീവിതത്തിന്റെ ആദ്യഘട്ടങ്ങൾ ഉപയോഗിക്കേണ്ടതെന്നും സജീവൻ പറയുന്നു.

"സംസ്ഥാന സർക്കാരിന്റെ തൊഴിലാളിശ്രേഷ്ഠ അവാർഡ് സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് പ്രചോദനമേകുന്നതാണ്. ഇത്തരം അവാർഡുകൾ നമ്മൾ ചെയ്യുന്ന തൊഴിലിന്റെ മഹിമയും തൊഴിലിനോടുള്ള അർപ്പണബോധവും വർധിപ്പിക്കും. അവാർഡ് തുക ഉപയോഗിച്ച് ലൈഫ് മിഷൻ പദ്ധതിയിലൂടെ ലഭിച്ച വീടിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചു. ഈ അംഗീകാരത്തോടെ നാട്ടിലെ ജനങ്ങളുടെ സമീപനത്തിലും മാറ്റംവന്നു. ആളുകൾ തിരിച്ചറിയാൻ തുടങ്ങി"

**കെ. വി. സജീവൻ**



# വിശ്വസ്തതയുടെ കൈപിടിച്ച് ഷൈനി റേച്ചൽ

ഷൈനി റേച്ചലിനെ ഇന്ന് എല്ലാവരും അറിയും; ഗാർഹികവൃത്തിയുടെ അന്തസ്സുയർത്തിയ വനിതയായി. സമരവീര്യമാർന്ന സ്ത്രീശക്തിയായി. വിശ്വസ്തസേവനത്തിന്റെ പര്യായമായി. വെല്ലുവിളികൾ നിറഞ്ഞ ജീവിതസാഹചര്യങ്ങൾ താണ്ടിയാണ് ഷൈനി റേച്ചൽ ഇന്ന് ഈ അംഗീകാര നെറുകയിൽ നിൽക്കുന്നത്.

ജീവിതം ചിലപ്പോൾ നമ്മെ അപ്രതീക്ഷിതമായ ഇടങ്ങളിലേക്ക് എത്തിക്കുമെന്ന് ഷൈനി പറയുന്നത് സ്വജീവിതാനുഭവത്തിന്റെ വെളിച്ചത്തിലാണ്. നിലമേൽ സ്കൂളിലെ ഓഫീസ് ജീവനക്കാരനായിരുന്നു ഷൈനിയുടെ പിതാവ്. സ്ഥിരവരുമാനക്കാരനായ പിതാവ് മകളെയും അത്തരമൊരു ജീവിതത്തിന്റെ സുരക്ഷിതത്വത്തിലാക്കാൻ നന്നേ പരിശ്രമിച്ചു. ഷൈനിയും പിതാവിന്റെ വാക്കുകൾ അമൂല്യമായി കരുതി പഠനത്തിൽ മുന്നേറി. ഹിന്ദി അധ്യാപികയാകുക എന്ന ലക്ഷ്യത്തോടെയാണ് അവർ ഓരോ ചുവടുംവച്ചത്. ആ സ്വപ്നസാക്ഷാൽക്കാരത്തിനായി ഹിന്ദി തുടർപഠനം ലക്ഷ്യമിട്ട് മിഷൻ സ്കൂളിൽ എത്തിയപ്പോൾ അവളുടെ സ്വപ്നത്തിനു മേൽ വിധിയുടെ കനത്ത പ്രഹരം വീണു. രണ്ടു ലക്ഷം രൂപ ഫീസ് നൽകിയാൽ പഠിക്കാം. അതായിരുന്നു സ്കൂൾ അധികൃതരുടെ പക്ഷം. രണ്ടുലക്ഷം രൂപ ഷൈനിയുടെ കുടുംബത്തിന് താങ്ങാനാകുന്നതായിരുന്നില്ല. അവിടെ ഷൈനിയുടെ സ്വപ്നത്തിലേക്കുള്ള വഴിയടഞ്ഞു.

പിന്നീട് സാധാരണ കുടുംബത്തിലെ വിദ്യാസമ്പന്നയും തൊഴിൽരഹിതയുമായ മറ്റേതൊരു പെൺകുട്ടിയെയുംപോലെ വിവാഹം. ഭർത്താവിന്റെ കൂലിവേലയിൽനിന്നുള്ള തുച്ഛ വരുമാനം കൊണ്ട് രണ്ട് മക്കളുടെ പഠനച്ചെലവും ജീവിതച്ചെലവും കൂട്ടിമുട്ടിക്കാൻ കഴിയാതെ വന്നപ്പോൾ ഷൈനി വീട്ടുജോലിക്ക് ഇറങ്ങി. വീടിന് സമീപം താമസിക്കുന്ന ബന്ധുവായ റിട്ട. അധ്യാപിക ജോയ്സ് ചാക്കോയുടെ വീട്ടിലായിരുന്നു ഗാർഹിക തൊഴിലാളിയായി തുടക്കം. അങ്ങനെ ആരംഭിച്ച ജോലിയാണ് എട്ടു വർഷമായി ഷൈനി തുടരുന്നത്. രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ആ വീട്ടിൽ ഒരംഗത്തെപ്പോലെ എന്തിനും ഏതിനും വിളിപ്പുറത്ത് ഷൈനി യുണ്ടാകും.



വീടിന്റെ മുഴുവൻ കാര്യങ്ങളും വിശ്വസ്തതയോടെ ഏൽപ്പിച്ചാണ് ടീച്ചറും കുടുംബവും പുറത്തേക്ക് പോകുന്നത്. ടീച്ചറുടെ ഒരു വയസ്സായ ചെറുമകൻ ഇവാഞ്ചലിനെ പരിപാലിക്കുന്നതും ഷൈനി തന്നെയാണ്. ടീച്ചറും കുടുംബവും ബന്ധുവീടുകളിലും ആഘോഷങ്ങൾക്കും മറ്റും പോകുമ്പോഴും ഷൈനിയെയും കൂട്ടാറുണ്ട്. അത് തൊഴിലിനോടും തൊഴിലിടത്തോടും തൊഴിൽദാതാവിനോടും താൻ കാണിക്കുന്ന ആത്മാർത്ഥതയുടെയും വിശ്വസ്തതയുടെയും ഫലമാണെന്ന് ഷൈനി പറയുന്നു.

ആദ്യമൊക്കെ വീട്ടുജോലി എന്നുപറയാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ, ഏതു തൊഴിലും അഭിമാനത്തോടെ ചെയ്യുകയെന്ന ബോധ്യത്തിലേക്ക് പതിയെ എത്തി. എത്രയൊക്കെ വിദ്യാഭ്യാസം നേടിയാലും ജീവിതാനുഭവങ്ങൾ ചിലപ്പോൾ നമ്മളെ വേറിട്ട വഴിയിലേക്കാകും എത്തിക്കുക. എന്ത് ജോലിയായാലും ആ തൊഴിലിൽ അഭിമാനമുണ്ടാകണം. തലയുയർത്തി നിൽക്കണം. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെയും അധികാരികളുടെയും വിശ്വാസം ആർജ്ജിക്കുകയാണ് പ്രധാനം. സത്യസന്ധത മറ്റേതൊരു തൊഴിലിനുമെന്നപോലെ ഗാർഹികതൊഴിലിനും അനിവാര്യമാണ്. ആജീവനാന്ത സമ്പാദ്യമായ വീടിനെയും ജീവന്റെ ജീവനായ കുഞ്ഞുങ്ങളെയും തങ്ങളെ വിശ്വസിച്ചേൽപിച്ചാണ് തൊഴിൽദാതാക്കൾ പുറത്തുപോകുന്നത്. ലഭിക്കുന്ന വേതനത്തിന് മാത്രമല്ല, അവരുടെ ആ വിശ്വാസത്തിനും കൂറ് കാണിക്കേണ്ടതുണ്ടെന്ന് ഷൈനി പറയുന്നു.

നേരത്തേ തന്നെ പൊതുപ്രവർത്തനം ഇഷ്ടമുള്ളയാളാണ് ഷൈനി. സമൂഹത്തിനൊപ്പം നിൽക്കുക എന്നത് കടമയായി കരുതുന്ന വനിത. പൊതുപ്രവർത്തനത്തിന്റെ ഭാഗമായി ഒരു സിമൻറ് കമ്പനിക്കെതിരെ നടന്ന സമരത്തിൽ പങ്കെടുക്കുമ്പോഴാണ് ഇപ്പോൾ ജോലിചെയ്യുന്ന വീട്ടുകാരുമായി ഷൈനി ബന്ധപ്പെടുന്നത്. ഗാർഹികവൃത്തിയിൽ എട്ടുവർഷത്തെ കണക്കേ പറയാനുള്ളൂവെങ്കിലും അനുഭവസമ്പത്തിലും സഹജീവികൾക്കായുള്ള പോരാട്ടത്തിലും ഷൈനി വേറിട്ടുനിൽക്കുന്നു. അതാണ് ഷൈനിയെ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരത്തിന് അർഹയാക്കിയത്.

കൊട്ടിയത്തെ സാമൂഹികപ്രവർത്തകയായ സിസ്റ്റർ ആശയാണ് 'തൊഴിലാളിശ്രേഷ്ഠ' അവാർഡിലേക്ക് ഷൈനിയുടെ പ്രവർത്തനങ്ങളെ കൊണ്ടെത്തിച്ചത്. സിസ്റ്റർ ആശയ്ക്കൊപ്പം ഹസീന, മറീന എന്നിവരും ചേർന്നാണ് അവാർഡിന് അപേക്ഷ നൽകാൻ ഷൈനിയെ പ്രേരിപ്പിച്ചത്. എട്ടുവർഷത്തെ സേവനത്തിന് അവാർഡോ എന്ന് നെറ്റിചുളിക്കുന്നവരുടെ മുന്നിൽ ഷൈനിയുടെ ചുറുചുറുക്കാർന്ന പ്രവർത്തനം മറുപടിയായുണ്ട്.

വീട്ടുജോലിക്കാരുടെ സംഘടനയായ നാഷണൽ ഡൊമസ്റ്റിക് വർക്കേഴ്സ് യൂണിയൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ് ഷൈനി. പൊതുരംഗത്ത് സജീവപ്രവർത്തകയായ ഷൈനി യാതനയനുഭവിക്കുന്ന ഗാർഹിക തൊഴിലാളികൾക്കു വേണ്ടിയുള്ള അവകാശ പോരാട്ടങ്ങളിൽ സജീവയാണ്. മധുര, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിൽ നടന്ന നാഷണൽ സെമിനാറുകളിലും യോഗങ്ങളിലും പങ്കെടുത്തു. എല്ലാ കാര്യത്തിനും പൂർണപിന്തുണ നൽകുന്നത് ഭർത്താവ് പത്രോസാണ്.

വിമർശനങ്ങൾ എല്ലാ മേഖലയിലും ഉണ്ടാകും. അതിനെയൊക്കെ ചെറുപുഞ്ചിരിയോടെ നേരിടുകയാണ് വേണ്ടത്. ഇത്തരം അംഗീകാരങ്ങൾ എല്ലാ മേഖലയിലും തൊഴിലാളികളെ സ്വയം നവീകരിക്കാൻ പ്രേരിപ്പിക്കും. തൊഴിലാളികൾ മെച്ചപ്പെടുന്നതിലൂടെ ആ തൊഴിൽ മേഖലയും മെച്ചപ്പെടും. അത് സംസ്ഥാനത്തിന്റെ ഉയർച്ചയ്ക്കു തന്നെ വഴിതെളിക്കും. ആരോരും ശ്രദ്ധിക്കാതിരുന്ന തന്നെ ഇന്ന് ആളുകൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. വിവിധ ചാനലുകളിലും പത്രങ്ങളിലും ഇൻറർവ്യൂ വന്നു. എം.പിയും ഇതര ജനപ്രതിനിധികളും മറ്റ് രാഷ്ട്രീയ പ്രവർത്തകരും അഭിനന്ദിച്ചു. അതൊക്കെ ഈ അവാർഡ് കൊണ്ടുണ്ടായ നേട്ടമാണെന്നും ജീവിതത്തിലെ കൊച്ചുകൊച്ചു സന്തോഷങ്ങൾക്കിടയിലെ വലിയ സന്തോഷമാണ് ഇതെന്നും ഷൈനി അഭിമാനത്തോടെ പറയുന്നു. ●

> "എത്രയൊക്കെ വിദ്യാഭ്യാസം നേടിയാലും ജീവിതാനുഭവങ്ങൾ ചിലപ്പോൾ നമ്മളെ വേറിട്ട വഴിയിലേക്കാകും എത്തിക്കുക. എന്ത് ജോലിയായാലും ആ തൊഴിലിൽ അഭിമാനമുണ്ടാകണം. തലയുയർത്തി നിൽക്കണം. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെയും അധികാരികളുടെയും വിശ്വാസം ആർജ്ജിക്കുകയാണ് പ്രധാനം."
>
> **ഷൈനി റേച്ചൽ**



# ഒന്നുമില്ലായ്മയിൽ നിന്ന് ജീവിതം കെട്ടിപ്പടുത്ത ഉണ്ണിക്കൃഷ്ണൻ

ദാരിദ്ര്യം അന്നും ഇന്നും പഴങ്കഥയല്ല. ദരിദ്രന്റെ സാഹചര്യങ്ങളിലും  അവൻ നേരിടേണ്ടിവരുന്ന വെല്ലുവിളികളുടെ കാര്യത്തിലും പൊതുവിൽ വലിയ മാറ്റമില്ല. ജീവിതം പൊരുതിനേടിയവരുടെ അനുഭവകഥകൾക്കും പഞ്ഞമില്ല. അത്തരത്തിൽ ദാരിദ്ര്യത്തോട് പടവെട്ടി ഒരു കുടുംബത്തിന്റെ നെടുംതൂണായിനിന്ന് ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുകയും അതിനുശേഷം സ്വന്തംജീവിതം കെട്ടിപ്പടുക്കുകയും ചെയ്ത ഒരു പച്ചമനുഷ്യന്റെ ജീവിതകഥയാണിത്. പാലക്കാട് മണ്ണൂർ നഗരിപ്പുറം നെടുങ്ങോട്ടുപറമ്പിൽ എൻ ഉണ്ണിക്കൃഷ്ണന്റെ അനുഭവകഥ.

നെടുങ്ങോട്ടുപറമ്പിൽ കുറുപ്പിന്റെയും ജാനകിയുടെയും നാല് മക്കളിൽ മൂത്തയാളാണ് ഉണ്ണിക്കൃഷ്ണൻ. മാതാപിതാക്കൾക്ക് വസ്ത്രങ്ങൾക്ക് ഇസ്തിരി ഇടലായിരുന്നു ജോലി. അന്ന് ഒരു വസ്ത്രത്തിന് പത്ത് പൈസയായിരുന്നു കൂലി. പത്താം ക്ലാസ് വരെ സ!!ൈ!!റ്റപെൻഡ് തുക കൊണ്ടാണ് ഉണ്ണിക്കൃഷ്ണൻ പഠിച്ചത്. മറ്റുള്ളവർ നൽകുന്ന പഴയ വസ്ത്രങ്ങളാണ് ഉണ്ണിക്കൃഷ്ണനും സഹോദരങ്ങളും ധരിച്ചത്. തുച്ഛമായ വരുമാനംകൊണ്ട് ആറ് പേർ ജീവിക്കണം. അതിനുള്ള മാതാപിതാക്കളുടെ പെടാപ്പാട് കണ്ട് സഹിക്കവയ്യാതെ 1985 മാർച്ചിൽ പത്താം ക്ലാസ്  കഴിഞ്ഞ ഉണ്ണിക്കൃഷ്ണൻ തുടർപഠന ആഗ്രഹം മനസ്സിലൊതുക്കി അമ്മാവനായ രാമുവിനോടൊപ്പം ജോലിക്കിറങ്ങുകയായിരുന്നു.

മണ്ണാർ സമുദായത്തിൽ ജനിച്ച ഉണ്ണിക്കൃഷ്ണൻ തന്റെ പരമ്പരാഗത തൊഴിൽ വിട്ട് കെട്ടിടനിർമ്മാണത്തിലേക്ക് തിരിയു



കയായിരുന്നു. അമ്മാവനോടൊപ്പം നിന്ന് ജോലി പഠിച്ചു. ആറുമാസം ശമ്പളമില്ലായിരുന്നു. പിന്നീട് പത്തുരൂപ കൂലിക്ക് ജോലി ചെയ്തു. പതിയെ പതിയെ കെട്ടിടനിർമ്മാണത്തിന്റെ തറ കെട്ടൽ മുതൽ ടൈൽസ് പതിക്കൽ വരെയുള്ള എല്ലാ ജോലികളും ഉണ്ണിക്കൃഷ്ണൻ പഠിച്ചെടുത്തു. ഓരോ കെട്ടിടം പണിയുമ്പോഴും സ്വന്തം വീടെന്നപോലെ ശ്രദ്ധയോടും ആത്മാർത്ഥതയോടെയുമാണ് ഉണ്ണിക്കൃഷ്ണൻ ജോലി ചെയ്യുന്നത്. അവിടെ താമസിക്കാൻ എത്തുന്നവരുടെ ആയുരാരോഗ്യസൗഖ്യങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ടാണ് ജോലി ആരംഭിക്കുന്നതുതന്നെ. ഓരോ കെട്ടിടവും കല്ലും മണ്ണും ഇഷ്ടികയും ചേർന്ന വെറും നിർമ്മിതികളല്ല, മനുഷ്യരുടെ ആജീവനാന്ത അധ്വാനത്തിന്റെ ഫലമാണ് എന്ന ചിന്ത എപ്പോഴും ഉണ്ണിക്കൃഷ്ൺ മനസ്സിൽ സൂക്ഷിക്കുന്നു. ആ മനസ്സ് തന്നെയാണ് അദ്ദേഹത്തെ നിർമ്മാണത്തൊഴിലാളി വിഭാഗത്തിൽ 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരത്തിന് അർഹനാക്കിയത്.

കുടുംബത്തിലെ മൂത്തമകനായതിനാൽ സഹോദരിയുടെ വിവാഹവും ഉണ്ണിക്കൃഷ്ണൻ മുൻകൈയെടുത്താണ് നടത്തിയത്. ഉണ്ണിക്കൃഷ്ണന്റെ രണ്ട് സഹോദരന്മാരും കെട്ടിടനിർമ്മാണ തൊഴിലാളികളാണ്. ജ്യേഷ്ഠന്റെ ചുവടു പിടിച്ചാണ് അവരും ഈ തൊഴിലിലേക്കെത്തിയത്. ഉത്തരവാദിത്വങ്ങളെല്ലാം പൂർത്തിയാക്കിയ ഉണ്ണിക്കൃഷ്ണൻ 1994 ലാണ് വിവാഹിതനായത്. മൂന്നു മക്കളുണ്ട്. ഇപ്പോൾ ഭാര്യയും മക്കളുമായി സന്തുഷ്ടജീവിതം നയിക്കുന്നു. കെട്ടിടനിർമ്മാണ ജോലിയിൽ ഈ അമ്പതാം വയസ്സിലും സജീവമാണ് ഉണ്ണിക്കൃഷ്ണൻ. ഇപ്പോൾ വീട്ടിൽ ചെറിയതോതിൽ കൃഷിയും നടത്തുന്നു. പച്ചക്കറി കൃഷിയാണ് പ്രധാനം. ചെറിയ വരുമാനം ഇതിൽനിന്ന് ലഭിക്കും. എന്നാലും കെട്ടിടനിർമ്മാണ ജോലി തന്നെയാണ് മുഖ്യം.

തന്റെ ജീവിതം കെട്ടിപ്പടുത്ത തൊഴിൽ എന്ന നിലയിൽ കെട്ടിടനിർമാണത്തൊഴിലിനെ ആദരവോടെയാണ് ഉണ്ണിക്കൃഷ്ണൻ കാണുന്നത്. ഈ മേഖലയിൽ തനിക്ക് അവാർഡ് ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്. പഞ്ചായത്തംഗങ്ങളും വിവിധ സാംസ്കാരിക, രാഷ്ട്രീയ നേതാക്കളും സ്വീകരണങ്ങൾ നൽകി. തനിക്ക് കിട്ടിയ അംഗീകാരം കെട്ടിടത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കുമായി സമർപ്പിക്കുന്നുവെന്നും ഇത്തരം അവാർഡുകൾ തൊഴിലാളികൾക്ക് പ്രചോദനമാണെന്നും അദ്ദേഹം പറയുന്നു. എല്ലാ തൊഴിലാളികളും ഇതുപോലെ അംഗീകരിക്കപ്പെടണമെന്നാണ് ആഗ്രഹം. അതിനായി അവർ ആത്മാർത്ഥമായി പരിശ്രമിക്കണം. തൊഴിൽ എന്തുതന്നെയായാലും അതിൽ സന്തോഷം കണ്ടെത്തുകയും സമർപ്പണമുണ്ടാവുകയും വേണം. അവാർഡ് ലഭിച്ച ശേഷം നിരവധി ആളുകളാണ് കെട്ടിടം പണിക്കായി സമീപിച്ചത്. എന്നാൽ, തിരക്കായതിനാൽ എല്ലാം ഏറ്റെടുക്കാൻ കഴിയുന്നില്ലെന്നും ഉണ്ണിക്കൃഷ്ണൻ പറയുന്നു.

ഈ തൊഴിലിലേക്ക് കടന്നുവരുന്ന പുതുതലമുറ നൻമ ചെയ്യണമെന്നും തൊഴിലുടമയോടുള്ള ബന്ധം സുദൃഢവും സത്യസന്ധവുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ലഹരിവസ്തുക്കൾക്ക് അടിപ്പെടാതെ ഉത്തമജീവിതം നയിക്കണം. എല്ലാ ആളുകളുമായും വ്യക്തി ബന്ധം സൂക്ഷിക്കണം. ഇതൊക്കെയാണ് ഉണ്ണിക്കൃഷ്ണന് പുതുതലമുറയോട് പറയാനുള്ളത്.

"ചെയ്യുന്ന തൊഴിൽ എത്ര ചെറുതാണെങ്കിലും അതിൽ ഒരു വിമുഖതയും കാണിക്കരുത്. പൂർണ സന്തോഷത്തോടെ അത് ചെയ്യണം. അവാർഡിലൂടെ ആത്മവിശ്വാസം വർദ്ധിച്ചു. മാത്രമല്ല, ഏത് ആൾക്കൂട്ടത്തിനിടയിലും തിരിച്ചറിയപ്പെടുന്നുണ്ട്. അതിൽ സന്തോഷവുമുണ്ട്.

**ഉണ്ണിക്കൃഷ്ണൻ**"



# ദുരന്തങ്ങളിൽ വാടാതെ കെ.ആർ. വസന്ത

ചില മനുഷ്യരുടെ ജീവിതം ഒരു ദുരന്ത സിനിമാക്കഥ പോലെ നാടകീയമായ സംഭവങ്ങൾ നിറഞ്ഞതായിരിക്കും. ഇതൊക്കെ ഒരാളുടെ ജീവിതത്തിൽ സംഭവിക്കുമോ? ഇങ്ങനെയും ജീവിതമുണ്ടോ? എന്നൊക്കെ ചിലരെങ്കിലും ചോദിച്ചുപോകും. നിർഭാഗ്യവശാൽ അതാണ് സത്യം. ചില ജീവിതങ്ങൾ അങ്ങനെയാണ്. വിധി ക്രൂരമായ വിളയാട്ടു നടത്തി. എന്നാലും പലതവണ മണ്ണിലേക്ക് പതിഞ്ഞുപോയ ഒരു കുഞ്ഞുചെടി വീണ്ടും തലപൊക്കുന്നതുപോലെ ആ മനുഷ്യൻ പൊരുതിക്കയറാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. ഇത്തവണ തോട്ടം മേഖലയിൽനിന്ന് 'തൊഴിലാളിശ്രേഷ്ഠ' പുരസ്കാരം നേടിയ മാനന്തവാടി ചിറക്കരയിൽ കൂടൽ ഹൗസിലെ കെ.ആർ.വസന്ത എന്ന തൊഴിലാളി വീട്ടമ്മയുടെ കഥയും മറിച്ചല്ല. ചെറുപ്രായത്തിൽ തേയിലത്തോട്ടത്തിൽ ജോലിക്കിറങ്ങി, ഒന്നിനുപിറകെ ഒന്നായി വന്നുഭവിച്ച ദുരന്തങ്ങൾ താണ്ടി, ഒരു വലിയ കുടുംബത്തിന്റെ അത്താണിയായി മാറിയ, ഇന്നും പൊള്ളുന്ന ജീവിതാനുഭവങ്ങളുടെ ചൂടിൽ ഉരുകുന്ന വസന്തയുടെ ജീവിതത്തിലൂടെ.

മാനന്തവാടി ചിറക്കരയിൽ എസ്റ്റേറ്റ് തൊഴിലാളികളായ ബാബുവിന്റെയും രാധയുടെയും അഞ്ചു മക്കളിൽ മൂത്തയാളാണ് വസന്ത. വസന്തയുടെ ബാല്യകാലത്ത് കൂലി വളരെ തുച്ഛമായിരുന്നു. അച്ഛനാകട്ടെ മദ്യപനും. ദാരിദ്ര്യം കൊടി



കുത്തിയ ബാല്യം. നാലാം ക്ലാസിൽ പഠനത്തിന് വിരാമം. അമ്മയെ കൊണ്ടുമാത്രം ഏഴ് പേർക്കുള്ള ഭക്ഷണത്തിന് വകനേടാൻ കഴിയില്ല എന്ന് മനസ്സിലാക്കി 14ാം വയസ്സിൽ വസന്ത തേയിലത്തോട്ടത്തിൽ പണിക്കിറങ്ങി. തുടക്കത്തിൽ തേയിലച്ചെടിക്ക് മണ്ണിടലും വളമിടലുമായിരുന്നു ജോലി. കൂലിയാകട്ടെ തുച്ഛവും. പിന്നീട് തേയില നുള്ളലായി. അങ്ങനെ വസന്തയ്ക്ക് ലഭിച്ച തുച്ഛമായ വരുമാനത്തിൽനിന്ന് മിച്ചം പിടിച്ചാണ് സഹോദരങ്ങളുടെ പഠനത്തിനും സഹോദരിയുടെ വിവാഹത്തിനും വക കണ്ടെത്തിയത്.

കുടുംബത്തിനുവേണ്ടി ജീവിച്ച വസന്തയുടെ ജീവിതത്തിൽ എന്നും ദുരിതങ്ങൾ മാത്രമായിരുന്നു സംഭവിച്ചത്. 18ാം വയസ്സിൽ വിവാഹിതയായി. ഭർത്താവ് രണ്ടു വർഷം കഴിഞ്ഞപ്പോൾ മരിച്ചു. വൈകാതെ അമ്മയും മരിച്ചു. ഒരു കൈക്കുഞ്ഞും പറക്കമുറ്റാത്ത തന്റെ സഹോദരങ്ങളുമായി വസന്ത എന്തുചെയ്യണമെന്നറിയാതെ പതറി. ഒരു വേള ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിച്ചു. സഹോദരങ്ങളുടെയും കുഞ്ഞിന്റെയും മുഖമാണ് അതിൽ നിന്ന് പിന്തിരിപ്പിച്ചത്. കടബാധ്യത കഴുത്തോളം എത്തിനിന്ന സമയമായിരുന്നു അത്. എന്നിട്ടും പ്രതീക്ഷകളുടെ കരുത്തിൽ വസന്ത തന്റെ തൊഴിലിടത്തിലേക്കും ജീവിതത്തിലേക്കും തിരികെയെത്തി, തന്നെ ചുറ്റിനിൽക്കുന്ന കുറേ ജീവിതങ്ങൾക്ക് താങ്ങാകാൻ.

40 വർഷമായി തോട്ടംമേഖലയിൽ പണിയെടുക്കുകയാണ് ഈ വീട്ടമ്മ. ബാല്യത്തിലേ തുടങ്ങിയ ജീവിതസമരം 54ാം വയസ്സിലും തുടരുന്നു. തനിക്ക് താങ്ങായ തോട്ടം തൊഴിലിനെക്കുറിച്ച് നല്ലതു മാത്രമേ വസന്തയ്ക്ക് പറയാനുള്ളൂ. തോട്ടത്തിൽ എല്ലാവരും ഒരു കുടുംബത്തെപ്പോലെയാണ് കഴിയുന്നത്. ജാതിമത ഭേദമെന്യേയാണ് തൊഴിലാളികൾ സഹകരിക്കുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് ലഭിച്ചതിനുശേഷം സമൂഹത്തിന് തന്നോടുള്ള സമീപനം കുറച്ചുകൂടി മികച്ചതായെന്ന് വസന്ത പറയുന്നു. തൊഴിലാളികൾ, തൊഴിലാളി യൂണിയനുകൾ, എസ്റ്റേറ്റ് മുതലാളിമാർ തുടങ്ങി നിരവധി പേർ സ്വീകരണം നൽകി. തന്നെപ്പോലൊരു സാധാരണ തോട്ടം തൊഴിലാളിക്ക് സ്വപ്നത്തിൽപോലും കാണാൻ കഴിയാത്ത അംഗീകാരമാണ് സർക്കാരിൽനിന്ന് ലഭിച്ചത്. പത്രങ്ങളിലും ചാനലുകളിലും വാർത്തയും ഫോട്ടോയും വന്നതിനെ തുടർന്ന് എല്ലാവരും തന്നെ മനസ്സിലാക്കി, സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നു. ഇതിനൊക്കെ സർക്കാരിനോടും ബന്ധപ്പെട്ടവരോടും നന്ദി പറയുകയാണ്-വസന്ത പറഞ്ഞു. ജോലിയുമായി ബന്ധപ്പെട്ട് ഒരു മോശം പ്രവൃത്തിയും കാട്ടരുതെന്നും കമ്പനിക്ക് അനിഷ്ടമായതൊന്നും ചെയ്യരുതെന്നുമാണ് ഈ തൊഴിലിലേക്ക് കടന്നുവരുന്ന യുവതലമുറയോട് വസന്തയ്ക്ക് പറയാനുള്ളത്.

> "തന്നെപ്പോലൊരു സാധാരണ തോട്ടം തൊഴിലാളിക്ക് സ്വപ്നത്തിൽപോലും കാണാൻ കഴിയാത്ത അംഗീകാരമാണ് സർക്കാരിൽനിന്ന് ലഭിച്ചത്. പത്രങ്ങളിലും ചാനലുകളിലും വാർത്തയും ഫോട്ടോയും വന്നതിനെ തുടർന്ന് എല്ലാവരും തന്നെ മനസ്സിലാക്കി, സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നു. ഇതിനൊക്കെ സർക്കാരിനോടും ബന്ധപ്പെട്ടവരോടും നന്ദിയുണ്ട്.
>
> **കെ.ആർ.വസന്ത.**"




അവാർഡ് ജേതാക്കൾ മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി പി രാമകൃഷ്ണനോടൊപ്പം.

KERALA INSTITUTE OF LABOUR & EMPLOYMENT

KILE

BUILDING PEOPLE

Since 1978